# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

MARCH-APRIL 2025 No. 2/25



# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- ഒരു തിരിഞ്ഞു നോട്ടം.....1
- മനസ്സിലെ പെരുവഴികൾ.....4
- സുറൊഫൊയിക്യ സ്ത്രീയുടെ മകളെ.....7
- ദൈവത്തെ പ്രസാദിപ്പിക്കുക.....10
- ആഹാസിന്റെ ഘടികാരം.....14
- ത്യാഗപൂർണ്ണമായ ദാനം.....17
- ദൈവം പ്രസാദിക്കുന്ന.....20
- ദലീലയുടെ മടിയിൽ.....23
- കർത്താവിന്റെ ദിവ്യസ്വഭാവത്തിന്.....26
- നിരപരാധിയായ അന്നക്കുട്ടി.....28
- കുടുംബത്തകർച്ചയുടെ വേരുകൾ.....32
- നന്നായി അറിയുന്നവൻ.....36
- Quest -100 .....cover iv

# ഒരു തിരിഞ്ഞു നോട്ടം

ഒരു വ്യക്തി വർഷാന്ത്യത്തിൽ കഴിഞ്ഞ വർഷത്തെ സംഭവങ്ങളെക്കുറിച്ച് ചിന്തിച്ച്, വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. അനന്തരം ഒരു കടലാസിൽ ഇപ്രകാരം കുറിച്ചു : ഈ കഴിഞ്ഞവർഷം എത്രയോ ദുരിതപൂർണ്ണമായിരുന്നു. അനേകവർഷക്കാലം ജോലി ചെയ്തു ധാരാളം പണം സമ്പാദിച്ചുകൊണ്ടിരുന്ന എനിക്ക് പെൻഷൻ ആയി, വീട്ടിൽ വെറുതെ കുത്തിയിരിക്കുകയാണ്. എന്റെ പിതാവ് പെട്ടെന്നു നിര്യാതനായി. മകൻ ഒരു കാറപകടത്തിൽപെട്ട് കാൽ ഒടിഞ്ഞു കിടപ്പിലായി. ഇങ്ങനെ അനേകദുരന്തങ്ങൾ! എത്ര ഭീകരമായ ഒരു വർഷം!

അയാളുടെ ഭാര്യ ആ കടലാസ് എടുത്തു മറുപുറത്ത് ഇപ്രകാരം എഴുതി. അനേക വർഷക്കാലം കഷ്ടപ്പെട്ടു ജോലി ചെയ്ത ഭർത്താവിന് ഇപ്പോൾ വിശ്രമം ആയിരിക്കുന്നു. ദീർഘനാളുകൾ തീരാവ്യാധിയാൽ കഷ്ടപ്പെടാനിടയാകാതെ പിതാവ് ഇഹലോകവാസം വെടിഞ്ഞു. കാറപകടത്തിൽ മരണം സംഭവിക്കാതെ മകനെ കാത്തുസൂക്ഷിച്ച ദൈവത്തിനു സ്തോത്രം. എത്ര അനുഗൃഹീതമായ ഒരു സംവത്സരം! ദൈവത്തിന് ആയിരം ആയിരം സ്തുതി സ്തോത്രങ്ങൾ!

എല്ലാ നാണയത്തിനും രണ്ടു വശങ്ങൾ ഉണ്ട് എന്നതു വിസ്മരിച്ചുകൂടാ. ഇതുവായിക്കുന്ന ഏവരും ഒന്നു ചിന്തിച്ചു നോക്കൂ. കഴിഞ്ഞ വർഷത്തിൽ ദൈവം എത്ര നല്ലവനായിരുന്നു. നമുക്കു നേരിട്ട പ്രതികൂലസാഹചര്യങ്ങളിലും ദൈവത്തിന്റെ ശാശ്വതഭുജങ്ങൾ നമ്മെ താങ്ങി നടത്തി.

ഈ സമയത്ത് കഴിഞ്ഞ വർഷത്തിലെ എന്റെ അനുഭവങ്ങളെക്കുറിച്ച് ചിന്തിപ്പാൻ എനിക്കു ഇടയായി. 2024 ജൂലൈ മാസം ഒന്നാം തീയതി അതിരാവിലെ എന്റെ പ്രിയഭർത്താവ് ഇഹലോകവാസം വെടിഞ്ഞു. കുടുംബാംഗങ്ങൾ സമീപത്തു നില്ക്കവെ അദ്ദേഹം ശാന്തമായി താൻ സ്നേഹിച്ചും, സേവിച്ചും പോന്ന ആ രക്ഷിതാവിന്റെ സമീപത്തേക്കു കടന്നുപോയി. 102 വർഷക്കാലം ജീവിച്ച തന്റെ ദാസനെ കർത്താവ് അരോഗദൃഢഗാത്രനായിത്തന്നെ കാത്തുപോന്നു. ഇളയമകൻ അമേരിക്കയിലെ സുപ്രസിദ്ധ ആസ്പത്രി, ഹാർവാർഡ് മെഡിക്കൽ സെന്ററിലെ ഡോക്ടർ റേ അനന്തരകർമ്മങ്ങൾക്കെല്ലാം നേതൃത്വം വഹിച്ചു. അനേക സഹോദരങ്ങളുടെ സാന്നിധ്യത്തിൽ പ്രത്യാശാനിർഭരമായ ഒരു യാത്രയയപ്പ് പിതാവിന് നല്കി മടങ്ങിപ്പോയി. ഓഗസ്റ്റ് അവസാനം വീണ്ടും മടങ്ങി വന്ന്, ഏകയായി ശേഷി

ച്ചിരുന്ന മാതാവിനെ ശുശ്രൂഷിച്ചിരുന്ന ഓരോ വ്യക്തിക്കും വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കി, താമസിയാതെ മടങ്ങി വരും എന്ന ഉറപ്പും നല്കി സെപ്റ്റംബർ 17-ാം തീയതി മടങ്ങി അമേരിക്കയിലേക്കു പോയി. അരോഗദൃഢഗാത്രനായിരുന്ന പ്രിയമകൻ യാത്രാമദ്ധ്യേ രോഗബാധിതനായി. അവൻ ജോലി ചെയ്തിരുന്ന ആസ്പത്രിയിലെ അനേക വിദഗ്ധ ഡോക്ടറന്മാർക്കുപോലും അവന്റെ ജീവനെ രക്ഷിക്കാൻ സാധിച്ചില്ല. കേൾവിക്കാരെയെല്ലാം ഞെട്ടിപ്പിച്ചുകൊണ്ട് ഒക്ടോബർ 9-ാം തീയതി പ്രിയമകൻ കർത്തൃസന്നിധിയിൽ ചേർന്നു. 15 വർഷക്കാലം ഞങ്ങളുടെ ആസ്പത്രിയിലും അനന്തരം ഭവനത്തിലും ജോലി ചെയ്തിരുന്ന ഗംഗമ്മ എന്ന സ്ത്രീയും സെപ്റ്റംബർ മാസത്തിൽ ഹൃദയാഘാതം മൂലം നിര്യാതയായി. ജോലി കഴിഞ്ഞ് അവളുടെ ഭവനത്തിലേക്ക് മടങ്ങിയ ഗംഗമ്മ പിറ്റേന്ന് ജോലിക്കായി വന്നില്ല. രാത്രിയിൽ ഹൃദയാഘാതം മൂലം നിര്യാതയായി. ഈ മരണങ്ങൾക്കെല്ലാം സാക്ഷിയായ എനിക്ക് കഴിഞ്ഞ വർഷത്തെക്കുറിച്ച് ദൈവം സകലതും നന്നായി ചെയ്തു എന്നു മാത്രമേ പറയാനുള്ളൂ.

102 വയസ്സായിരുന്ന ഭർത്താവ് യാതൊരു വേദനയും, കഷ്ടതയും അനുഭവിക്കാതെ തന്റെ നിത്യഭവനത്തിലേക്കു കടന്നുപോയി. പ്രിയമകനെ ശുശ്രൂഷിച്ച ഡോക്ടർമാർ ഒടുവിലായി പറഞ്ഞത് തത്ക്കാലം അവൻ സുഖം പ്രാപിച്ചിരുന്നെങ്കിലും ഹൃദയം ശരിയായി പ്രവർത്തിക്കാതിരുന്നതിനാൽ, ഒരിക്കലും മുമ്പിലത്തേതുപോലെ പ്രവർത്തനനിരതൻ ആകുകയില്ല, വെറും ജീവച്ഛവമായി ഒരു വീൽചെയറിൽ കഴിക്കേണ്ടതായി വരും എന്നാണ്. അങ്ങനെയുള്ള ഒരു ഭയങ്കര അവസ്ഥയിൽനിന്നും ദൈവം അവനെ വിടുവിച്ചു, അവൻ ഏറ്റവും സ്നേഹിച്ചുപോന്ന കർത്താവിന്റെ സന്നിധിയിൽചേർന്നു വിശ്രമിക്കുന്നതിനാൽ ദൈവത്തിനു സ്തോത്രം.

ഗംഗമ്മയുടെ അവിചാരിതമായ മരണം ഈ വീട്ടിൽ ആയിരുന്നെങ്കിൽ ഞങ്ങൾക്ക് സംഭവിക്കാമായിരുന്ന വിഷമതകളെ നേരിടേണ്ടതായി വന്നില്ല.

ഹാ! 2024-ാം വർഷം സംഭവിക്കാമായിരുന്ന ദുരന്തങ്ങളിലെല്ലാം കർത്താവിന്റെ ആശ്വസിപ്പിക്കുന്ന ഹസ്തങ്ങൾ താങ്ങി നടത്തിയതിനാൽ ആയിരമായിരം സ്തോത്രം. ദൈവം എത്ര നല്ലവൻ!

ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്. (യിരെമ്യാവ് 29:11). “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം

വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ. 8:28). തത്ക്കാലം തിന്മ എന്നു തോന്നുന്ന അനുഭവങ്ങൾ ഉണ്ടാകും. എന്നാൽ ദൈവമക്കൾക്ക് സംഭവിക്കുന്ന എല്ലാ അനുഭവങ്ങളും നന്മയിലേക്കും അനുഗ്രഹത്തിലേക്കും പരിണമിക്കും എന്നത് നിശ്ചയമാണ്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. അവൻ അന്ത്യത്തോളം നമ്മെ കൈവിടാതെ നടത്തുന്നു. അവന്റെ നാമത്തിന് സ്തോത്രം.

**മേരി അഞ്ചൻ, തുംകൂർ**

---

## Quest 99-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
8. സിബി വർഗ്ഗീസ്, ഇടമലയ്ക്കൽ, അഞ്ചൽ
9. ലൈസ സാമുവേൽ, മുംബൈ
10. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
12. ജോളി എബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
13. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
14. നീനു ജോസഫ്, കുമളി, ഇടുക്കി
15. രശ്മി സിജു, കുറ്റിയാണി, തിരുവനന്തപുരം
16. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി, കൊച്ചി
17. പ്രജിത മൈക്കിൾ, വട്ടിയൂർക്കാവ്, തിരുവനന്തപുരം
18. എത്സമ്മ പീറ്റർ, വാളയാർ, പാലക്കാട്
19. ജോളി ഷാജി, കരുവാറ്റ, അടൂർ
20. അന്നമ്മ എബ്രഹാം പെരുമന്നൂർ, കൊച്ചി
21. സ്മിതാ ഷിബു, വെങ്ങാനൂർ, തിരുവനന്തപുരം
22. അനന്ദു, അടിച്ചിപ്പുഴ, റാന്നി
23. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
24. അനുഗ്രഹ ജെ. വെങ്ങാനൂർ, തിരുവനന്തപുരം
25. സുജ സുനിൽ, ആറാംകല്ല്, കരകുളം

**ക്വെസ്റ്റ് 99-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**

**ക്വിസ് മാസ്റ്റർ**

# മനസ്സിലെ പെരുവഴികൾ

ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതും നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു എന്നും യേശു തന്റെ ഗിരിപ്രഭാഷണത്തിലൂടെ വെളിപ്പെടുത്തിത്തന്നിട്ടുള്ളതാണ് (മത്തായി 7:13,14). എന്നാൽ വിശാലമായ വഴി എന്നർത്ഥം വരുന്ന പെരുവഴിയെക്കുറിച്ച് അത് മനസ്സിലെ വഴിയാണെന്നു കോരഹുപുത്രന്മാർ പാടുന്നു (സങ്കീ. 84:5).

ഇടുക്കവും ഞെരുക്കവുമുള്ള വഴിയെന്നും വീതിയും വിശാലവുമായ വഴിയെന്നും പെരുവഴിയെന്നുമൊക്കെയുള്ള പരാമർശങ്ങൾ ഒന്നും തന്നെ അക്ഷരീകമായ സഞ്ചാരവഴികളല്ല എന്നു വ്യക്തമാണല്ലോ. മനസ്സിലെ പെരുവഴി എന്നത് സീയോനിലേക്കുള്ളതാണെന്നും അത് എത്തിച്ചേരുന്നത് ദൈവസന്നിധിയിലാണെന്നും പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ, സീയോൻ എന്ന ദൈവസന്നിധിയിൽ എത്തിച്ചേരുന്നതിനുള്ള പെരുവഴി മനസ്സിലുള്ള ഭാഗ്യവാനെക്കുറിച്ചാണ് അവിടെ പരാമർശിച്ചിരിക്കുന്നതെന്നു കാണാം. “ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്. കണ്ണുനീർ താഴ്വരയിൽകൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അത് അനുഗ്രഹപൂർണ്ണമായിത്തീരുന്നു. അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു. എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു” (സങ്കീ. 84:5-7). ബലം യഹോവയിലുള്ള ഒരു വ്യക്തിയുടെ ഭാഗ്യകരമായ അവസ്ഥയാണ് തന്റെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉള്ളത്.

യഹോവയിൽ ബലമുള്ള ഒരുവൻ ബലവാനാണെന്നു അർത്ഥമില്ല. അവൻ ബലഹീനനും മേല്ക്കുമേൽ ബലം പ്രാപിക്കേണ്ടവനുമാണ്. അങ്ങനെ ബലം പ്രാപിക്കേണ്ടതിനാണ് അവൻ തന്റെ മനസ്സിലെ പെരുവഴിയിലൂടെ സഞ്ചരിച്ച് ദൈവസന്നിധിയിൽ എത്തിച്ചേരുന്നത്. അവന് കഷ്ടതയുടെയും കണ്ണുനീരിന്റെയും അനുഭവങ്ങൾ ഉണ്ടായിരിക്കയില്ലെന്നും പറയാനാവില്ല. കണ്ണുനീർ താഴ്വരയിലൂടെയുള്ള അവന്റെ സഞ്ചാരത്തെ പരാമർശിച്ച ശേഷമാണ് അവൻ മേല്ക്കുമേൽ ബലം

പ്രാപിക്കുമെന്നും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തു മെന്നും പറഞ്ഞിരിക്കുന്നത്. ഒരു കാര്യം ഉറപ്പാണ്. അവൻ സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുക തന്നെ ചെയ്യും. സീയോനിൽ ദൈവ സന്നിധിയിലേക്കുള്ള ഈ പെരുവഴിയിൽ ബലഹീനതകളും കണ്ണു നീരും കഷ്ടതയും കയ്പ്പുമെല്ലാം ഉണ്ടെങ്കിലും അത് ഒടുവിൽ ദൈവ സന്നിധിയിൽ ചെന്നെത്തുന്ന വഴിയാണ്.

ഹൃദയം നുറുങ്ങിയവരെക്കുറിച്ചും മനസ്സു തകർന്നവരെക്കുറിച്ചു മൊക്കെ തിരുവചനം ആവർത്തിച്ചു പറയുന്നുണ്ട്. “ഹൃദയം നുറുങ്ങിയ വർക്കു യഹോവ സമീപസ്ഥൻ: മനസ്സു തകർന്നവരെ അവൻ രക്ഷി ക്കുന്നു”. (സങ്കീ. 34:18) എന്നും “ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർ ന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല” (സങ്കീ. 51:17) എന്നും ദാവീദ് തന്റെ അനുഭവത്തിൽ നിന്നും പാടുന്നത് ദൈവികസംരക്ഷണത്തിൽ നിന്നുള വായ നന്ദി നിറഞ്ഞ ഹൃദയത്തിൽനിന്നും, പാപബോധം നിമിത്തമുള്ള അനുതാപ ഹൃദയത്തിൽ നിന്നുമാണ് ദാവീദ് ഹൃദയനുറുക്കത്തെയും മനസ്സു തകർച്ചയെക്കുറിച്ചുമൊക്കെ പാടിയത്. ജീവിതത്തിലെ ഏത് അനുഭവങ്ങളും ഈ വിധത്തിൽ മനസ്സു തകർക്കയും ദൈവസന്നിധിയി ലേക്കുള്ള പെരുവഴിയിലേക്കു നയിക്കുകയും ചെയ്യും.

അതുകൊണ്ടുതന്നെ കണ്ണുനീരിന്റെ താഴ്വരയിലോ, കൂരിരുളിന്റെ താഴ്വരയിലോ എവിടെ ആയിരുന്നാലും അതൊക്കെയും മനസ്സിൽ ദൈവസന്നിധിയിലേക്കുള്ള പെരുവഴി തുറക്കും. സുഖസൗകര്യങ്ങളുടെയും, സ്ഥാനമാനങ്ങളുടെയും ആഡംബരങ്ങളു ടെയും ലോകത്ത് ദൈവസന്നിധിയിലേക്കുള്ള വഴി മനസ്സിൽ തെളിഞ്ഞുവരിക എളുപ്പമല്ല. എല്ലായ്പ്പോഴും ലഭിക്കുന്ന സുഖങ്ങളും സുരക്ഷിതത്വവും ദൈവസന്നിധിയിൽനിന്നും ഓടി പൊയ്ക്കള യുന്നതിനു കാരണമായിത്തീരാറുണ്ട്. യോന യഹോവയുടെ സന്നിധി യിൽ നിന്നും ഓടിപ്പോകേണ്ടതിന് പുറപ്പെട്ടു എന്നും യഹോവയുടെ സന്നിധിയിൽ നിന്നും പൊയ്ക്കളവാൻ തർശ്ശീശിലേക്കുള്ള കപ്പലിൽ കയറി എന്നും നാം വായിക്കുന്നു. എന്നാൽ അവൻ മത്സ്യത്തിന്റെ വയറ്റിൽ എത്തിച്ചേർന്നപ്പോൾ ആരും നിർബ്ബന്ധിക്കാതെയും ഉപദേശി ക്കാതെയും തന്നെ യഹോവയോടു നിലവിളിച്ചു. യഹോവയുടെ സന്നി ധിയിലേക്കു മടങ്ങിവരികയല്ലാതെ മറ്റൊരു മാർഗ്ഗവും അവന്റെ മുമ്പിൽ ഉണ്ടായിരുന്നില്ല. ആ മാർഗ്ഗമായിരുന്നു അവന്റെ മനസ്സിലെ പെരുവഴി. ദൈവസന്നിധി വിട്ടോടി സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുന്നവർക്കും മറ്റെല്ലാ വഴികളും അടയുന്നതുവരെ ദൈവസന്നിധിയിലേക്കു വരുവാൻ

കൂട്ടാക്കാത്തവർക്കും കണ്ണുനീർ താഴ്വരയിലൂടെ കടന്നുപോകുമ്പോൾ മാത്രം മനസ്സിൽ തെളിയുന്ന പെരുവഴിയിലൂടെ ദൈവസന്നിധിയിൽ എത്തിച്ചേരുവാൻ ഇടയാകും.

"അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക" (എബ്രാ. 4:16) എന്നു തിരുവചനം നമ്മെ ആഹ്വാനം ചെയ്യുമ്പോൾ മറ്റെല്ലാവഴികളും അടയുന്നതുവരെ ദൈവസന്നിധിയിലേക്കു മടങ്ങിവരുവാൻ നാം എന്തിനു മടിച്ചിരിക്കണം? ഓരോ ദിവസവും, ഓരോ നിമിഷവും ദൈവം നമ്മെ നടത്തുന്ന വിധങ്ങളെ ധ്യാനിച്ചാൽ അപ്പോൾ ഒക്കെയും ദൈവസന്നിധിയിലേക്കുള്ള പെരുവഴി മനസ്സിൽ തെളിയും. കൃപ പ്രാപിപ്പാനും നന്ദി കരേറ്റുവാനും ഏറ്റുപറയുവാനും മാത്രമല്ല, അല്പം ആശ്വസിക്കുവാനും, വിശ്രമിക്കുവാനും പോലും നമുക്കു ദൈവസന്നിധിയിലേക്കു കയറി ചെല്ലാം. "വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ട് അവൻ അവരോടു: നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു". (മർക്കൊസ്. 6:31). "തനിച്ചിരിക്കുമ്പോൾ അവൻ ശിഷ്യന്മാരോട് സകലവും വ്യാഖ്യാനിക്കും" (മർക്കൊസ് 4:34). ശിഷ്യന്മാർ യേശുവിന്റെ സന്നിധിയിൽ വിശ്രമിക്കയും ആശ്വസിക്കയും സംശയദുരീകരണം വരുത്തുകയും ചെയ്യുന്ന മനോഹര സന്ദർഭങ്ങളായിരുന്നു അവ. നമുക്കും ദൈവസന്നിധിയിൽ എത്തിച്ചേരാം വിശ്രമിക്കാം- ആശ്വസിക്കാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

## ഉപന്യാസ മത്സരം

**"ലഹരിക്കെതിരെയുള്ള യുദ്ധത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്"**

എന്ന വിഷയത്തെക്കുറിച്ച് 3 ഫുൾസ്ക്യാപ് പേജിൽ കവിയാതെയുള്ള ഉപന്യാസങ്ങൾ ക്ഷണിക്കുന്നു. ഏറ്റവും നല്ല ഉപന്യാസങ്ങൾക്കു പ്രോത്സാഹനസമ്മാനങ്ങൾ നല്കുന്നതോടൊപ്പം 2025 മെയ് -ജൂൺ ലക്കം ക്രൈസ്തവ വനിതയിൽ അവ പ്രസിദ്ധപ്പെടുത്തുന്നതുമാണ്. പുതിയ എഴുത്തുകാർക്ക് മുൻഗണന.

**ഉപന്യാസങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി 2025 ഏപ്രിൽ 30.**

ചീഫ് എഡിറ്റർ

# സുറൊഫൊയിക്യ സ്ത്രീയുടെ മകളെ യേശു സൗഖ്യമാക്കുന്നു.
## (മർക്കൊസ് 7: 24–30)

"യേശു അവിടം വിട്ടു, സോർ സീദോൻ എന്ന പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദേശത്തുനിന്നു ഒരു കനാന്യസ്ത്രീ വന്ന്, അവനോട്: കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു". (മത്തായി 15: 21,22)

യേശു സുറൊഫൊയിക്യ ദേശത്തേക്കു വന്നു. ആ സ്ത്രീ സുറൊഫൊയിക്യ ജാതിയിലുള്ള ഒരു യവന സ്ത്രീയായിരുന്നു. തന്റെ മകളിൽ നിന്നു ഭൂതത്തെ പുറത്താക്കുവാൻ അവൾ അവനോടു അപേക്ഷിച്ചു. യേശു അവിടെ എത്തിയില്ലെങ്കിൽ കനാന്യസ്ത്രീക്ക് യാതൊരു അനുഗ്രഹവും ലഭിക്കയില്ലായിരുന്നു. കർത്താവിന്റെ വരവ് അവൾക്ക് ഒരു അനുഗ്രഹമായിരുന്നു. കാണാതെപോയതിനെ അന്വേഷിച്ച് കർത്താവ്, സോർ, സീദോൻ പ്രദേശത്തെത്തി. കർത്താവിനെ കാണുവാൻ ഏറെ ആഗ്രഹമുള്ള ഒരു കനാന്യ സ്ത്രീയുണ്ടെന്നു സർവ്വജ്ഞാനിയായ കർത്താവ് അറിഞ്ഞു. എന്തിനാണ് കർത്താവിനെ കാണുവാൻ കനാന്യസ്ത്രീ ആഗ്രഹിച്ചത്? സാത്താന്യ പീഡനം അവളുടെ ഭവനത്തിൽ മകളെ ആക്രമിച്ചു. അവളുടെ മകൾ ശക്തിയായ ഭൂതം ബാധിച്ചിരുന്നു. ഈ കഠിനമായ ദുഃഖമാണ് അവളെ സർവ്വാശ്വാസം നല്കുന്ന കർത്താവിനെ കണ്ടെത്തുവാൻ പ്രേരിപ്പിച്ചത്. കഠിനമായ ദുഃഖത്തിൽ നിന്നു അനേകർക്കു ആശ്വാസം നല്കുവാൻ കർത്താവ് ലോകത്തിലേക്കു വന്നു.

കർത്താവിനോടുള്ള ഈ കനാന്യസ്ത്രീയുടെ സ്നേഹം ഏറെ ആഴമുള്ളതായിരുന്നു. കർത്താവിനോടുള്ള അവളുടെ സ്നേഹം കർത്താവു കണ്ടു. സോർ, സീദോൻ പട്ടണത്തിലെത്തിയ കർത്താവ് പരസ്യ ശുശ്രൂഷകൾ ഒന്നും ചെയ്തില്ല. എന്നാൽ അശുദ്ധാത്മാവ് ബാധിച്ച ചെറിയ മകളുടെ കാര്യം പറയുന്നതിനും കർത്താവിൽ നിന്നും സൗഖ്യം ലഭിക്കുന്നതിനുമായി കനാന്യസ്ത്രീ കർത്താവിനെ സമീപിച്ചു. കർത്താവ് എവിടെ എന്ന് അവൾ ശിഷ്യന്മാരോടു ചോദിച്ചു. ശിഷ്യന്മാർ ഒരു ഉത്തരവും അവൾക്കു നല്കിയില്ല. എങ്കിലും അവൾ കർത്താവിനെ കണ്ടു. കാൽക്കൽ വീണു. അവൾ ഉച്ചത്തിൽ കരഞ്ഞുകൊണ്ടു പറഞ്ഞു. കർത്താവേ, ദാവീദ് പുത്രാ എന്നോടു കരുണ തോന്നേണമേ. ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു പറഞ്ഞു അവളെ പറഞ്ഞയയ്ക്കേണം. അവൾ കർത്താവിനോട് സംസാരിക്കാൻ തുടങ്ങി. കർത്താവേ സഹായിക്കണേ. അവളുടെ വിശ്വാസ

ത്തോടുകൂടിയ അപേക്ഷ. കർത്താവ് അവളോടു ഒരു വാക്കുപോലും മറുപടി പറഞ്ഞില്ല. കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല. ഈ വാക്കുകൾ അവളെ നിരാശപ്പെടുത്തിയില്ല. അവളുടെ പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു.

കർത്താവേ! എന്നെ സഹായിക്കേണമേ. യേശു അവളോടു സംസാരിച്ചു. അവൾ അവനെ നമസ്ക്കരിച്ചു. യേശു അവളോടു മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്കു ഇട്ടു കൊടുക്കുന്നതു നന്നല്ല. ഈ വാക്കുകൾ കേട്ടിട്ടും അവൾ നിരാശയായില്ല. കർത്താവിനു മുമ്പിൽ മുട്ടുകുത്തിയതിനുശേഷം പറഞ്ഞു, അതേ കർത്താവേ നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നും വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ?. കർത്താവ് പറഞ്ഞതിനു അവൾ എതിർവാക്കൊന്നും പറഞ്ഞില്ല. യിസ്രായേലുമായി താരതമ്യം ചെയ്യുമ്പോൾ ഞാൻ കേവലം ഒരു നായാണ്. അവൾ ഏറ്റവും എളിയ നിലയിൽ കർത്താവിന്റെ മുമ്പിൽ നിന്നു. അവൾ കർത്താവിന്റെ മുമ്പിൽ ഏറ്റവും താഴ്ത്തി. സോർ നിവാസിയായ ഒരു സ്ത്രീക്കു കർത്താവിന്റെ മുമ്പിൽ വന്നു നില്ക്കാനുള്ള യോഗ്യതയില്ല എന്ന് അവൾക്കറിയാമായിരുന്നു. ശിഷ്യന്മാർ പറഞ്ഞു കർത്താവേ അവളെ പറഞ്ഞയയ്ക്കേണമേ. പുറജാതി നായുടെ സ്ഥാനം മാത്രമേ ശിഷ്യന്മാർ അവൾക്കു കൊടുത്തുള്ളൂ. മറ്റുള്ളവരെ നിന്ദിക്കുകയും അവഗണിക്കുകയും ചെയ്യുമ്പോൾ തങ്ങളും പാപിയായിരുന്നു എന്നോർക്കുന്നത് നല്ലതാണ്. നിങ്ങളുടെ താഴ്മയുള്ള ഹൃദയങ്ങളിൽ കർത്താവിൽ വിശ്വസിക്കുവാനുള്ള വാഞ്ഛ ഉണ്ടാകുമ്പോൾ ഒരിക്കലും നിരസിക്കരുത്. രക്ഷിക്കപ്പെടുവാൻ അവസരം ലഭിച്ചാൽ ഭൂമിയിലെ അത്ഭുതം നിങ്ങളായിരിക്കും. അപ്പോൾ ഇങ്ങനെ പറയാം. കർത്താവേ അവിടുത്തെ കൃപയാൽ അനുഗ്രഹം പ്രാപിച്ച് സ്വർഗ്ഗീയ നന്മകൾക്കെല്ലാം അവകാശിയായി ത്തീരുവാൻ ഇടയായി.

യഹൂദന്മാരുടെ രക്ഷ ദൈവം ഒരുക്കുന്നത് പ്രത്യേക വിധത്തിലാണ്. എന്നാൽ കർത്താവ് തിരഞ്ഞെടുക്കുന്നത് ബലഹീനരും, സാധാരണക്കാരും ശിശുക്കളെപ്പോലെയുള്ളവരെയുമാണ്. “പിതാവ് എനിക്കു തന്നിട്ടുള്ളവരെല്ലാം എന്റെ അടുക്കൽ വരും” എന്നു കർത്താവു പറഞ്ഞു. ദൈവം സർവ്വാധികാരിയാണ്. ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തണം. കർത്താവിന്റെ വാക്കുകളിൽ ആശ്വാസം ഉണ്ട്. കനാന്യസ്ത്രീ കർത്താവിന്റെ മുമ്പിൽ തന്നെത്തന്നെ താഴ്ത്തി, കർത്താവേ, കരുണ തോന്നേണമെ എന്ന് നിലവിളിച്ചു. കർത്താവിന്റെ ഓരോ വാക്കും കരുണയുടേതാണ്. കർത്താവിന്റെ മനുഷ്യനായുള്ള ജനനം മാത്രമല്ല, സാധാരണ ശിശുവിനെപ്പോലെ വളർന്നു ജീവിച്ചു, ക്രൂശിൽ നമ്മുടെ പാപത്തിനുവേണ്ടി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെ

ഴുന്നേറ്റു. ഇന്നു പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി മഹാപുരോഹിതനായി പക്ഷവാദം ചെയ്യുന്നു. തന്റെ മക്കളെ ചേർക്കുവാൻ വേഗം വരും. ഇതെല്ലാം ദൈവത്തിന്റെ കരുണയാണ്.

സോരിൽനിന്നും വന്ന സ്ത്രീ ഒരു മാതാവെന്ന നിലയിൽ വലിയ ഉത്തരവാദിത്വം ഉണ്ടായിരുന്നു. അതുകൊണ്ട് അവൾ കർത്താവിന്റെ മുമ്പിൽ വീണു നമസ്ക്കരിച്ചു. കർത്താവിന്റെ കൃപ അവൾക്കു ലഭിച്ചു. കർത്താവിലുള്ള അവളുടെ ഏറിയ വിശ്വാസം തന്റെ മകൾക്കു ആനിമിഷം തന്നെ സൗഖ്യം ലഭിച്ചു. അവളുടെ വിശ്വാസം കർത്താവു കണ്ടു.അവളുടെ ദുഃഖം സന്തോഷമായി ഭവിച്ചു. പിശാചിന്റെ പിടിയിൽ കിടന്നു ഞെരിഞ്ഞ അവളുടെ മകളെക്കുറിച്ചുള്ള വിചാരം മാത്രമായിരുന്നു അവളെ ഭരിച്ചിരുന്നത്. എന്നാൽ കരുണാമയനായ കർത്താവ് അവളുടെ ദയനീയസ്ഥിതി കണ്ടു. അവളുടെ വിലാപം കർത്താവു കേട്ടു. യഹൂദന്മാർ കാണിക്കാത്ത കർത്താവിലുള്ള വിശ്വാസത്തെ കർത്താവ് അംഗീകരിച്ചു. ദുഃഖിതയായി വന്നവൾ സന്തോഷത്തോടെ തിരികെ പോയി. നമ്മുടെ കർത്താവ് ആശ്വാസദായകനാണ്.

ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് യേശു യഹൂദന്മാരുടെ മാത്രം ദൈവം അല്ല പുറജാതികളായ നമ്മുടെയും ദൈവമാണ്. കർത്താവ് സർവ്വ ലോകത്തിലുള്ള മനുഷ്യരുടെയും പാപത്തിന്റെ പരിഹാരത്തിനാണ് ക്രൂശിൽ തൂങ്ങിയത്. ആയതിനാൽ അവൻ നമ്മുടെ രക്ഷകനാണ്. അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. അവർ ക്രിസ്തുവിനെ ദൈവമായി അറിയാതെ പോയതുകൊണ്ടാണ് പുറജാതികളായ നമുക്ക് രക്ഷ കിട്ടിയതും സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായി തീരുവാൻ ഇടയായതും. യിസ്രായേൽ കുത്തിയവങ്കലേക്ക് നോക്കുമ്പോൾ ആണ് കർത്താവിനെ അറിയുന്നത് (സെഖര്യാവ് 12:10). ആ സമയം ഏറ്റവും ആസന്നമായിരിക്കുന്നു. അവൻ സ്വന്തത്തിലേക്ക് വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹ. 1: 11,12). അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന്നു ദൈവം നമുക്കു വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു (എബ്രാ.11:40). നമുക്കു കനാന്യസ്ത്രീയെപ്പോലെ കർത്താവിലുള്ള വിശ്വാസത്താൽ കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങിയിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# ദൈവത്തെ പ്രസാദിപ്പിക്കുക

“മുമ്പേ നിങ്ങൾ ഇരുളായിരുന്നു. ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിന് പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ” (എഫെ. 5:8,9).

വെളിച്ചമാകുന്ന കർത്താവിനു പ്രസാദമുള്ളതു ചെയ്തുകൊണ്ട് നാം വെളിച്ചത്തിൽ നടക്കണം. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. (എഫെ. 5:10,11). ഈ ലോകത്തിൽ നമുക്ക് അനേകരെ പ്രസാദിപ്പിക്കേണ്ടി വരും. എന്നാൽ മുമ്പേ ഇരുളായിരുന്ന നാം സത്യവെളിച്ചത്തിലേക്കു വന്നു കഴിഞ്ഞാൽ, അഥവാ രക്ഷിക്കപ്പെട്ട് ദൈവപൈതലായിത്തീർന്നാൽ നമ്മുടെ പരമപ്രധാനമായ ജീവിത ലക്ഷ്യം നമ്മുടെ നാഥനും കർത്താവുമായ ദൈവത്തെ പ്രസാദിപ്പിക്കുകയാണ്.

1. നാം ദൈവത്തെ പ്രസാദിപ്പിക്കുക (എഫെ. 5:8,9)
2. തന്നെത്താൻ പ്രസാദിപ്പിക്കുക (1 കൊരി. 10: 1-12)

1 കൊരി. 10-ൽ യിസ്രായേൽ മക്കൾ അനേക കാര്യങ്ങൾ ചെയ്തുകൂട്ടി. എന്നാൽ അവയൊക്കെ ദൈവത്തെയല്ല, തങ്ങളെത്തന്നെയാണ് പ്രസാദിപ്പിച്ചതും. അവയെല്ലാം ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികൾ മാത്രം. ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല.

3. മനുഷ്യരെ പ്രസാദിപ്പിക്കുക

ഇന്നു ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല. ഈ ലോകജീവിതത്തിൽ നമുക്ക് പലരേയും പ്രസാദിപ്പിക്കേണ്ടിവരും. ഭർത്താവിനു ഭാര്യയെ, ഭാര്യയ്ക്കു ഭർത്താവിനെ, മക്കൾക്കു മാതാപിതാക്കളെ, കുട്ടികൾക്കു അദ്ധ്യാപകരെ, ജോലി സ്ഥലങ്ങളിൽ മേലധികാരിയെ കീഴ്ജീവനക്കാർക്കു, കൂട്ടുകാരെ ഇങ്ങനെ പലരേയും പ്രസാദിപ്പിക്കേണ്ടി വരും. അവയൊക്കെ ആവശ്യമാണെങ്കിലും നമ്മുടെ ആത്യന്തികമായ ആവശ്യം ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരിക്കണം.

4. പടചേർത്തവനെ പ്രസാദിപ്പിക്കുക.

ഇത് ഏതൊരു പടയാളിയുടെയും ഉത്തവാദിത്തമാണ്. പടചേർത്ത

വനെ പ്രസാദിപ്പിക്കേണ്ടതിനു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു. (2 തിമൊ. 2:4)

അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. ഓരോ ദൈവപൈതലിന്റെയും അഭിമാനമാണ് ദൈവത്തെ പ്രസാദിപ്പിക്കുക എന്നത്. നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. നാം കണക്കു ബോധിപ്പിക്കേണ്ടവരാകുന്നു.

നമുക്കു ചില അറിവുകൾ ഉണ്ട്. ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണി - സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു. (2 കൊരി. 5:1) ഇവിടെയെല്ലാം അറിയുന്ന കാര്യങ്ങൾ ഉണ്ട്. ഈ അറിവെല്ലാം ദൈവാത്മാവാണ് നമുക്കു നല്കുന്നത്. ആത്മാവിനെ അച്ചാരമായി നമ്മുടെ ഉള്ളിൽ തന്നിരിക്കുകയാണ്. നമുക്ക് ആത്മാവില്ലെന്നു പറയുന്നവർ ഭോഷന്മാരാണ്. പരിശുദ്ധാത്മാവിലല്ലാതെ യേശു കർത്താവെന്നു പറയുവാൻ അഥവാ രക്ഷിക്കപ്പെടുവാൻ ആർക്കും കഴിയുകയില്ല. ആകയാൽ ഒരു ദൈവപൈതലിന്റെ അഭിമാനമാണ് ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കേണ്ടത്. നമ്മെ പാപാന്ധകാരത്തിൽ നിന്നും വീണ്ടെടുത്ത് സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നത് എന്തു ത്യാഗം സഹിച്ചും ദൈവത്തെ പ്രസാദിപ്പിക്കുവാനാണ്. അങ്ങനെയുള്ള ദൈവപൈതൽ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കുമ്പോൾ ലജ്ജിച്ചു പോകയില്ല. പിതാവിനെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കാം. എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്. ഞാൻ എല്ലായ്പ്പോഴും അവന് പ്രസാദമുള്ളതു ചെയ്യുന്നതു കൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല. നാം നേരിടുന്ന ഏത് പ്രതിസന്ധികളിലും അവൻ നമ്മോടുകൂടെയുണ്ട്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനും വാക്കു മാറാത്തവനുമാണ്. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു (മത്തായി 28:20). നാം ഭാഗ്യമുള്ളവർ. സ്തോത്രം.

ലോകവും നമ്മുടെ ചുറ്റുപാടും വഷളത്തം നിറഞ്ഞതാണ് എന്നു നാം ഇപ്പോൾ പറയുന്നുവെങ്കിൽ, നമുക്ക് ഊഹിക്കാൻ പോലും കഴിയാത്തതിൽ അപ്പുറമായി വഷളത്തം കൊടികൊണ്ടുവാണ ഒരു കാലത്താണ് ദൈവത്തെ പ്രസാദിപ്പിച്ചു ജീവിച്ച അനേകരെ ദൈവം നമുക്ക് വരച്ചു കാട്ടിത്തരുന്നത്. ഹാനോക്ക്, നോഹ, അബ്രഹാം, യോസേഫ് അങ്ങനെ നീണ്ട പട്ടിക. എബ്രാ. 11-ാം അദ്ധ്യായം വിശ്വാസ

വീരന്മാരുടെ നീണ്ട പട്ടികയാണ്. സാക്ഷികളുടെ ഇത്ര വലിയ സമൂഹ മാണ് നമുക്ക് ചുറ്റും നില്ക്കുന്നത് എന്നാണ് എബ്രാ. 12:1 ൽ പറയുന്നത്. അവർ വിശ്വാസത്തിനുവേണ്ടി പോരാടി ജയജീവിതം നയിച്ചു. പലരും രക്തസാക്ഷികളായി. നമുക്കറിയാം ഹാനോക്ക് എങ്ങനെ ദൈവത്തെ പ്രസാദിപ്പിച്ചു. 300 വർഷം ദൈവത്തോടുകൂടെ നടന്നു. ഒറ്റയാനായിട്ടല്ല കുടുംബം കുഞ്ഞുകുട്ടികൾ എല്ലാം ഉണ്ടായിരുന്നിട്ടും. നാം പലപ്പോഴും കുടുംബഭാരം, മറ്റെന്തെല്ലാം ഒഴികഴിവുകൾ പറയുന്നവരാണ്. ഹാനോക്ക് അനുഗൃഹീത കുടുംബജീവിതം നയിച്ചുകൊണ്ടു തന്നെയാണ് ദൈവത്തെ പ്രസാദിപ്പിച്ചു ദൈവത്തോടുകൂടെ നടന്നത്. വിശ്വാസത്താൽ ഹാനോക്ക് മരണം കൂടാതെ എടുക്കപ്പെട്ടു. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നുവെന്നും വിശ്വസിക്കേ ണ്ടതല്ലയോ? ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചുവെന്നു അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു. ആദാം മുതൽ 7-ാമനായ ഹാനോക്കും ഇവരെക്കുറിച്ച് ഇതാ, കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം... ആയിരം ആയിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു. യൂദാ. 14,15 വാക്യം. ഹാനോക്ക് ദൈവ ത്തിന്റെ പ്രവാചകനായിരുന്നുവെന്ന് യൂദായുടെ ലേഖനത്തിൽ നിന്നു മാണ് നാം മനസ്സിലാക്കുന്നത്.

ഹാനോക്കിനെ കൂടാതെ പാപത്തെ വിട്ടോടിയ യോസേഫ്, ചെയ്തുപോയ അതികഠിനമായ പാപത്തെ ഹൃദയനുറുക്കത്തോടെ ഏറ്റുപറഞ്ഞു ക്ഷമ പ്രാപിച്ച ദാവീദ്, വാർദ്ധക്യകാലത്തു കിട്ടിയ വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനെ ദൈവകല്പന അനുസരിച്ചു യാഗം കഴിച്ചു, ജീവനോടെ തിരിച്ചുപ്രാപിച്ച അബ്രഹാം, മിസ്രയീമിലെ രാജപദവികളെയും, നിക്ഷേപങ്ങളെയുംകാൾ ദൈവജനത്തോടുകൂടെ യുള്ള കഷ്ടം തിരഞ്ഞെടുത്ത മോശെ, രാജാവിന്റെ ഭോജനത്തെക്കാൾ ശാകഭോജനം തിരഞ്ഞെടുത്ത് അഗ്നികുണ്ഡത്തിൽ നിന്നും സിംഹങ്ങ ളുടെ ഗുഹയിൽ നിന്നും യാതൊരു കേടും കൂടാതെ വിടുവിക്കപ്പെട്ട ദാനീയേലും കൂട്ടുകാരും അങ്ങനെ പഴയനിയമത്തിലും, ഈ ലോക ത്തിലെ ധനവും, മാനവും ചപ്പെന്നും ചവറെന്നും എണ്ണി കർത്താവിനു വേണ്ടി രക്തസാക്ഷികളായിത്തീർന്ന പൗലൊസും കർത്താവിന്റെ ശ്രേഷ്ഠ അപ്പൊസ്തലന്മാരും പുതിയനിയമത്തിലും എല്ലാം ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് നമുക്ക് ധൈര്യം പകർന്നു തരുന്നവരാണ്.

അതിന്റെ മറുവശം കർത്താവിനെ പ്രസാദിപ്പിച്ചില്ല എന്നു പറയുന്ന അനേക ദൃഷ്ടാന്തങ്ങൾ ദൈവവചനത്തിലുണ്ട്. ജഡസ്വഭാവമുള്ളവർ ജഡത്തിലുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം. ആത്മാവിന്റെ ചിന്ത ജീവനും സമാധാനവും തന്നെ. ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു. ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയില്ല. നിങ്ങളോ ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല. ആകയാൽ സഹോദരന്മാരെ നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിനു ജഡത്തിന്നല്ല കടക്കാരാകുന്നത്. അതിനാൽ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്. നമുക്ക് പരിശുദ്ധാത്മാവുള്ളവരായി ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കാം, ജഡത്തെ അതിന്റെ രാഗമോഹ ങ്ങളോടുകൂടെ ക്രൂശിക്കാം. നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൽ കൂടെ കടന്നു. അവരെ അനുഗമിച്ച ആത്മീയ പാറയിൽ നിന്നല്ലോ അവർ കുടിച്ചതു. ആ പാറ ക്രിസ്തു ആയിരുന്നു. എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു.

ദൈവം പ്രസാദിക്കാത്ത ഒരു നീണ്ട പട്ടിക തിരുവചനത്തിൽ കാണാം. മനുഷ്യർ സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, വമ്പുപറയുന്നവർ, അഹങ്കാരികൾ, ദുഷ്ടന്മാർ, അമ്മയപ്പന്മാരെ അനുസരിക്കാത്തവർ 2തിമൊ 3:1-6 ഇങ്ങനെ ഇരുപതിലേറെ കാര്യങ്ങൾ ഇവിടെത്തന്നെയുണ്ട്. ഇവർക്കാർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. മറിച്ച് ഉപദേശം നടപ്പ് (ജീവിതം) ഉദ്ദേശ്യം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത എന്നിവയും ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം. സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവ പാലിച്ചുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കണം. ആത്മാവിനെ അനുസരിച്ച് ജീവിക്കണം. ജഡാഭിലാഷങ്ങളായ ഗലാ. 5:18-21 വരെയുള്ളവ വിട്ടോടാം. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കണം. അങ്ങനെ നമുക്ക് നമ്മുടെ സ്വർഗ്ഗീയപിതാവിനെ പ്രസാദിപ്പിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതം ധന്യമാക്കി ജയജീവിതം നയിക്കാം. ദൈവം അതിന്നായി നമ്മെ സഹായിക്കട്ടെ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ആഹാസിന്റെ ഘടികാരം

"അപ്പോൾ യെശയ്യാ പ്രവാചകൻ യഹോവയെ വിളിച്ചപേക്ഷിച്ചു. അവൻ ആഹാസിന്റെ സൂര്യഘടികാരത്തിൽ ഇറങ്ങിപ്പോയിരുന്ന നിഴലിനെ പത്തുപടി പിന്നോക്കം തിരിയുമാറാക്കി" (2 രാജാ. 20:11)

ഏതാണ്ട് 2700-ൽ പരം വർഷങ്ങൾക്കുമുമ്പ് യഹൂദ്യദേശം ഭരിച്ചിരുന്ന ഒരു രാജാവായിരുന്നു ആഹാസ്. യഹൂദ്യ രാജാക്കന്മാരിൽ 12-ാമനായിരുന്ന ആഹാസിന്റെ ഭരണകാലം ബി.സി. 741 മുതൽ ബി. സി. 726 വരെയായിരുന്നു. അദ്ദേഹം ഭാവനാശക്തിയും ബുദ്ധിചാതുര്യ വുമുള്ള ഒരു വ്യക്തിയായിരുന്നെന്ന് അനുമാനിക്കാം. തന്റെ അരമനയുടെ പിന്നാമ്പുറത്തുള്ള ഒരു കോണിപ്പടിക്കെട്ടിൽ പകൽ സമയത്തു പതിക്കുന്ന നിഴലുകൾക്ക് സൂര്യന്റെ ഗതിഭേദമനുസരിച്ച് മാറ്റം സംഭവിക്കുന്നതായി അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. അതിനോടനുബന്ധിച്ചുണ്ടായ ചിന്തകളിൽനിന്നും ഉരുത്തിരിഞ്ഞ ഒരാശയം ആയിരിക്കണം നിഴലുകളുടെ ക്രമാനുഗതമായ മാറ്റം അനുസരിച്ച് സമയം നിർണ്ണയിക്കുന്ന ഒരു സംവിധാനം എന്നത്. കോട്ട മതിലിലെ ഉയർന്ന ഒരു ജാലകത്തിലൂടെ പ്രവേശിക്കുന്ന സൂര്യരശ്മികൾ ഒരു സ്തൂപത്തിന്മേൽ വീഴുകയും സ്തൂപത്തിന്റെ നിഴൽ ഏതാണ്ട് അർദ്ധവൃത്താകൃതിയിലുള്ള ഒരു കോണിപ്പടിക്കെട്ടിൽ പതിക്കയും ചെയ്യുന്ന രീതിയിലായിരുന്നു അതിന്റെ ക്രമീകരണം. പകൽസമയത്ത് സൂര്യന്റെ ഗതിയനുസരിച്ച് നിഴൽ മുകളിലത്തെ പടിയിൽനിന്നും താഴത്തെ പടികളിലേക്ക് ക്രമാനുഗതമായി മാറിക്കൊ ണ്ടിരിക്കയും നിഴൽ കടന്നുപോകുന്ന പടികളുടെ എണ്ണമനുസരിച്ച് സമയം നിർണ്ണയിക്കയും ചെയ്യുന്ന രീതിയായിരിക്കണം അവലം ബിച്ചിരുന്നത്. ചരിത്രത്തിൽ ആദ്യമായി ഒരു സൂര്യഘടികാരത്തെ ക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് മേലുദ്ധരിച്ച വേദഭാഗത്താണ്.

ആഹാസ് രാജാവ് ഭാവനാസമ്പന്നതയും നിർമ്മാണ വൈദഗ്ദ്ധ്യ വുമുള്ള ഒരു വ്യക്തിയായിരുന്നുവെന്നതിന് വേറെയും ഉദാഹരണ ങ്ങളുണ്ട്. യെശയ്യാവിന്റെ പുസ്തകം 7-ാം അദ്ധ്യായത്തിൽ പറഞ്ഞി രിക്കുന്ന അലക്കുകാരന്റെ വയലിലെ പെരുവഴിക്കലുള്ള മേലത്തെ കുളവും നീർപാത്തിയും ആഹാസ് രാജാവിന്റെ കാലത്തുണ്ടായിരുന്ന ഒരു ജലവിതരണസമ്പ്രദായത്തെയാണ് സൂചിപ്പിക്കുന്നത്. അശ്ശൂർ

രാജാവായ തിഗ്ലത്ത് പിലേസറിനെ എതിരേല്ക്കുന്നതിനുവേണ്ടി താൻ ദമ്മേശെക്കിൽ ചെന്നപ്പോൾ അവിടെക്കണ്ട ബലിപീഠത്തിന്റെ തനിപ്പകർപ്പ് (exact replica) ഉണ്ടാക്കിച്ച് യെരുശലേം ദൈവാലയത്തിൽ അത്തരം ഒരു ബലിപീഠം സ്ഥാപിച്ചതിനെക്കുറിച്ച് 2 രാജാ. 16-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരം ബുദ്ധിവൈഭവവും, കാര്യപ്രാപ്തിയുമുള്ള ഒരു വ്യക്തിയായിരുന്നെങ്കിലും അമസ്യാവ്, ഉസ്സീയാവ്, യോഥാം എന്നീ ദൈവഭക്തന്മാരായ രാജാക്കന്മാരുടെ പിന്തുടർച്ചക്കാരനായിരുന്ന ആഹാസ് തന്റെ പിതാക്കന്മാരെപ്പോലെ ദൈവവഴിയിൽ നടക്കുന്നതിനുപകരം മിത്ഥ്യാമൂർത്തികളെ സേവിക്കയും പുത്രന്മാരെ ദേവപ്രീതിക്കുവേണ്ടി അഗ്നിപ്രവേശം ചെയ്യിക്കയും ജനങ്ങൾക്ക് ഇഷ്ടമുള്ളയിടങ്ങളിലെല്ലാം പൂജാഗിരികൾ സ്ഥാപിച്ച് ജാതികളുടെ ദേവന്മാരെ ആരാധിക്കുന്നതിനു പ്രോത്സാഹിപ്പിക്കയും ചെയ്ത ഒരു ദൈവവിരോധിയായിരുന്നു.

എന്നിരിക്കിലും ദൈവം ആഹാസിനെ കൈവെടിഞ്ഞിരുന്നില്ല. തന്റെ പിതാവായ യോഥാം, പിതാമഹനായ ഉസ്സീയാവ്, പ്രപിതാമഹനായ അമസ്യാവ് എന്നിവരെയോർത്ത് ദൈവം തന്നോടു കൃപ കാണിച്ചു. യിസ്രായേൽ രാജാവായ പേക്കഹും അരാം രാജാവായ രെസീനും ഒത്തുചേർന്ന് തനിക്കെതിരെ യുദ്ധഭീഷണി മുഴക്കിയപ്പോൾ താൻ യഹോവയിൽ ആശ്രയിക്കാതെ അശ്ശൂർ രാജാവിനെ അഭയം പ്രാപിച്ചെങ്കിലും യഹോവാ യെശയ്യാപ്രവാചകനിൽകൂടെ കൊടുത്ത വാഗ്ദത്തമാണ് കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. തിന്മ തള്ളി നന്മ തിരഞ്ഞെടുപ്പാൻ ബാലനു പ്രായമാകും മുമ്പെ നീ വെറുക്കുന്ന രണ്ടു രാജാക്കന്മാരുടെയും ദേശം ഉപേക്ഷിക്കപ്പെട്ടിരിക്കും എന്നത്. ആഹാസ് രാജാവ് തന്റെ യുവതിയായ ഭാര്യയെക്കുറിച്ചുള്ള പരാമർശമായിട്ട് ഇത് മനസ്സിലാക്കുകയും തന്റെ ജീവിതകാലത്തു തന്നെ അത് സംഭവിക്കയും ചെയ്തു. എന്നാൽ ഏതാണ്ട് 700-ൽ പരം വർഷങ്ങൾക്കുശേഷം ബി.സി. 4-ൽ യേശുക്രിസ്തുവിന്റെ ജനനത്തോടുകൂടെ പ്രസ്തുത പ്രവചനം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ അക്ഷരംപ്രതി നിറവേറപ്പെടുകതന്നെ ചെയ്തു.

ആഹാസിന്റെ ഘടികാരം ഒരുപക്ഷെ ആരുമറിയാതെ വിസ്മൃതിയിൽ ലയിച്ചു പോയേനേം. എന്നാൽ അതിന് ലോകചരിത്രത്തിൽ തന്നെ സ്ഥാനം ലഭിച്ചത് ദൈവികമായ ഇടപെടൽ കൊണ്ടുമാത്രമാണ്. ആഹാസിന്റെ മകനായ ഹിസ്കീയാവിന് മാരകമായ രോഗം ബാധിക്കയും അവൻ യഹോവയോട് കരഞ്ഞപേക്ഷിക്കുകയും ചെയ്തപ്പോൾ

അവന്റെ ആയുഷ്ക്കാലം 15 വർഷംകൂടെ നീട്ടിക്കൊടുക്കുവാൻ യഹോവയ്ക്ക് പ്രസാദമായി. ദൈവം ഹിസ്കീയാരാജാവിന്റെ പ്രാർത്ഥന കേട്ടുവെന്നുള്ളതിന് അടയാളമായി ആഹാസിന്റെ ഘടികാരത്തിൽ ഇറങ്ങിപ്പോയിരുന്ന നിഴലിനെ പത്തുപടി പിന്നോക്കം തിരിയുമാറാക്കി. സൗരയൂഥത്തിന്റെ ഗതിവിഗതികൾ പരിശോധിച്ചാൽ ഒരു കാലത്തും ഒരു രീതിയിലും സംഭവിക്കാൻ സാദ്ധ്യതയില്ലാത്ത ഒരതിശയമാണ് അന്നു സംഭവിച്ചതെന്നു മനസ്സിലാക്കാം. ദൈവികമായ ഇടപെടൽ കൊണ്ടു മാത്രമുണ്ടായ പ്രസ്തുത സംഭവത്തോടുകൂടി ഹിസ്കീയാവിന്റെ മാരകമായ രോഗം ഭേദമാകയും ആഹാസിന്റെ ഘടികാരം ലോകത്തിലെ ആദ്യത്തെ ഘടികാരമായി ലോകചരിത്രത്തിൽ സ്ഥാനം പിടിക്കയും ചെയ്തു.

സദുദ്ദേശ്യത്തോടുകൂടെ നാം ചെയ്യുന്ന പ്രവൃത്തികൾ എത്ര ലളിതവും നിസ്സാരവും ആണെങ്കിലും അവയെ മാറ്റിമറിച്ച് യുക്തിക്കും ശാസ്ത്രത്തിനും അതീതമായ കാര്യങ്ങൾ സാധിക്കുന്നതിന് ദൈവികമായ ഇടപെടൽ മൂലം സാധിക്കുമെന്നുള്ളതിന് ഉത്തമ ഉദാഹരണമായി ആഹാസിന്റെ സൂര്യഘടികാരം ലോകചരിത്രത്തിൽ നിലകൊള്ളുന്നു.

**ജോർജ് ജോൺ, തിരുവനന്തപുരം**

## Quest 99 - ന്റെ ശരി ഉത്തരങ്ങൾ

1. സീയോൻ കോട്ട (1 ദിന. 11:5)
2. ബാൽ പെരാസീമിൽ (1 ദിന. 14:11)
3. രൂബേൻ (1 ദിന. 5:1)
4. ദാവീദ് (1 ദിന. 28:11)
5. ദാനീയേൽ (1 ദിന. 3:1)
6. ലേവ്യരെ (1 ദിന. 15:2)
7. ഗിൽബോവ പർവ്വതം (1 ദിന. 10:1)
8. അർഖ്യനായ ഹൂശായി (1 ദിന. 27:33)
9. സെരൂയയുടെ മകനായ യോവാബ് (1 ദിന. 18:15)
10. യോവാബ് (1 ദിന. 20:1)
11. ദാവീദ് രാജാവ് (1 ദിന. 29:1)
12. സിക്ലാഗ് (1 ദിന. 12:1)
13. ബയല (1 ദിന. 13:6)
14. ഹേമാൻ, യെദൂഥൂൻ (1 ദിന. 16:41)
15. യെഹോയാരീബിന് (1 ദിന. 24:7)
16. യെബൂസ്യനായ ഒർന്നാന്റെ (1 ദിന. 21:22-26)
17. പരമാർത്ഥതയിൽ (1 ദിന. 29:17)
18. 33 സംവത്സരം (1 ദിന.29:27)
19. യാബേശിലെ കരുവേലകത്തിൻ കീഴിൽ (1 ദിന.10:12)
20. ഗാദ് പ്രവാചകൻ (1 ദിന.21:9)

# ത്യാഗപൂർണ്ണമായ ദാനം

(മർക്കൊസ്. 12:41-44, ലൂക്കൊ. 21:14)

യേശു ശ്രീഭണ്ഡാരത്തിൽ വഴിപാടിടുന്ന പുരുഷാരത്തെ നോക്കിക്കൊണ്ടിരുന്നു. അനേകർ കടന്നുവന്നു ധനവാന്മാരും ശാസ്ത്രിമാരും പരീശന്മാരും സാധാരണക്കാരും ദരിദ്രരും സ്ത്രീകളും എല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു. അവരെല്ലാം അവരുടെ സമൃദ്ധിയിൽനിന്നു ഒരംശമാണ് അർപ്പിച്ചത്. ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു സ്ത്രീ തന്റെ വഴിപാടു ഇട്ടിട്ടു കടന്നുപോയി. ഇത് യേശു കണ്ടു. അവൾ ദരിദ്രയായോരു വിധവ ആയിരുന്നു. അവൾ രണ്ടു കാശാണ് വഴിപാടായി ഇട്ടത്. എങ്കിലും അത് അവളുടെ ഉപജീവനം മുഴുവനും ആയിരുന്നു. അതായത് നാളേക്കായി ഒന്നും മാറ്റിവെച്ചില്ല. നാളെക്കായി അവൾ വിചാരപ്പെട്ടില്ല. അവൾക്കുള്ളതു മുഴുവനും ദൈവത്തിനായി സമർപ്പിച്ചു. കർത്താവ് അവളുടെ ഹൃദയമാണ് കണ്ടത്. ഈ ദരിദ്രയായ വിധവ എല്ലാവരെക്കാളും അധികം ഇട്ടിരിക്കുന്നതായി കർത്താവ് അവളെപ്പറ്റി സാക്ഷ്യം പറഞ്ഞു. കാരണം 'എല്ലാവരും അവരുടെ സമൃദ്ധിയിൽ നിന്നു ഇട്ടു. ഇവളോ തന്റെ ഇല്ലായ്മയിൽ നിന്നു തനിക്കുള്ളത് ഒക്കെയും തന്റെ ഉപജീവനം മുഴുവനും ഇട്ടു' (മർക്കൊ.12:44). 'യഹോവ ജ്ഞാനമുള്ള ദൈവം; അവൻ പ്രവൃത്തികളെ തൂക്കിനോക്കുന്നു' (1 ശമൂ. 2:3). ഈ ദരിദ്രയായ വിധവയുടെ രണ്ടു കാശ് കർത്താവു തൂക്കിനോക്കി വലിയ വിലയുള്ളതായി കണ്ടു.

അതിശ്രേഷ്ഠവും ത്യാഗപൂർണ്ണവുമായ അർപ്പണത്തിന് ഉദാഹരണമാണിത്. കാരണം അവൾ ദരിദ്രയായിരുന്നു. എന്നു മാത്രമല്ല അവൾ വിധവയുമായിരുന്നു. രണ്ടു കാശായിരുന്നു ആകെ അവൾക്കുള്ള സമ്പാദ്യം. ഒരു കാശ് അവൾക്കായി സൂക്ഷിച്ചശേഷം ഒരു കാശ് ഇടുകയല്ല അവൾ ചെയ്തത്. സമ്പൂർണ്ണമായി സമർപ്പിക്കുകയായിരുന്നു. ഒരു വലിയ വിശ്വാസത്തിന്റെ പ്രവൃത്തി ആയിരുന്നു അത്. ഭാവിയെപ്പറ്റി ഉത്കണ്ഠയോ ആശങ്കയോ ഒന്നും അവളെ ഭരിക്കുന്നില്ല. അവൾക്കാവശ്യമുള്ളത് യഥാസമയം അവൾ ആശ്രയിക്കുന്ന ദൈവം അവൾക്കു നല്കിക്കൊള്ളും എന്നുള്ള ഉറപ്പ് അവൾക്കുണ്ടായിരുന്നു. കർത്താവു തന്റെ ഗിരിപ്രഭാഷണത്തിലൂടെ നമ്മോട് ഉത്ബോധിപ്പിക്കുന്നതും ഇതത്രേ: "ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. സ്വർഗ്ഗസ്ഥനായ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്നു അറിയുന്നുവല്ലോ.

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്താ.6:31-33). മറ്റുള്ളവർ വലിയ തുകയാണ് ഭണ്ഡാരത്തിൽ ഇടുന്നത്. അക്കൂട്ടത്തിൽ അവളുടെ തുക വളരെ നിസ്സാരമാണെന്ന് അവൾക്കറിയാം. പക്ഷെ തനിക്കു ചെയ്യാവുന്നതിന്റെ പരമാവധി സമർപ്പിക്കുക എന്നുള്ള തത്ത്വമാണവളെ ഭരിച്ചത്. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നുള്ളതല്ല നമുക്ക് ആവുന്നത് തികഞ്ഞ ആത്മാർത്ഥതയോടെ ചെയ്യുക. ഭാഗികമായതല്ല, പൂർണ്ണമായ സമർപ്പണമാണ് ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളും ദൈവമഹത്ത്വത്തിനായി സമർപ്പിക്കുക എന്നതാണ് സർവ്വപ്രധാനം.

മറ്റുള്ളവരെ കാണിക്കുവാനാണ് ഇന്നനേകരും സംഭാവനകൾ നല്കുന്നത്. ദൈവത്തിനു കൊടുത്ത് പുണ്യം നേടാം എന്നു കരുതുന്നവരുണ്ട്. ദൈവത്തിനു ഭിക്ഷ കൊടുക്കുന്നവരുമുണ്ട്. പള്ളികളുടെ മുമ്പിൽ വെച്ചിരിക്കുന്ന കാണിക്ക വഞ്ചിയിലേക്ക് നാണയത്തുട്ടുകൾ വലിച്ചെറിയുന്നതു കാണുമ്പോൾ ഇതാണോർമ്മിപ്പിക്കുന്നത്. ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് വല്ലതിന്നും മുട്ടുള്ളവൻ എന്നപോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല എന്ന തിരുവചനം നാം മറക്കാൻ പാടില്ല.

ദൈവം നമ്മുടെ ഹൃദയങ്ങളെയാണ് കാണുന്നത്. കൈകളെയല്ല; ദാതാവിനെയാണ് ദാനത്തെയല്ല. (God sees heart, not the hand. The giver, not the gift.) "മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമൂ.16:7). "യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലായിടവും ഊടാടിക്കൊണ്ടിരിക്കുന്നു" (2 ദിന. 16:9). "യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (സങ്കീ. 34:15).

ദൈവം നമ്മെ മെനഞ്ഞവനാണ്. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. ലോകസ്ഥാപനത്തിന്നുമുമ്പേ ദൈവം നമ്മെ കണ്ടു. ക്രിസ്തുയേശുവിൽ നമ്മെ തിരഞ്ഞെടുത്തു. അതുകൊണ്ടാണ് മക്കളെന്ന ഭാഗ്യപദവിയിലേക്കു നമുക്കു പ്രവേശിക്കുവാൻ കഴിഞ്ഞത്. ഹാഗാർ തന്റെ നിലവിളിക്കു ഉത്തരമരുളിയ ദൈവത്തെപ്പറ്റി പറയുന്നത്: "എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ" എന്നാണ് (ഉൽപ. 16:13). യിരെമ്യാവിനോടു ദൈവം പറയുന്നു: "നിന്നെ ഉദരത്തിൽ

ഉരുവാക്കിയതിന്നു മുമ്പേ നിന്നെ അറിഞ്ഞു" (യിരെ, 1:5). ദാവീദു പറയുന്നത്: "ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നീ എന്നെ കണ്ടു" (സങ്കീ. 139:16). നഥനയേൽ തന്റെ അടുക്കൽ വരുന്നതു യേശു കണ്ടു: "ഇതാ, സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ല" എന്നു പറഞ്ഞു. നഥനയേൽ അവനോട്: "എന്നെ എവിടെവെച്ച് അറിയും?" എന്നു ചോദിച്ചതിന്നു: "ഫിലിപ്പോസ് നിന്നെ വിളിക്കുംമുമ്പെ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" എന്നു യേശു ഉത്തരം പറഞ്ഞു' (യോഹ. 1:47, 48). സകലവും അതിന്റെ തനിമയിൽ കാണുകയും എല്ലാം അറിയുകയും ചെയ്യുന്ന സർവ്വജ്ഞനാണ് ക്രിസ്തു.

വിധവ ദൈവത്തിനു കൊടുത്തത് വളരെ ചെറിയ ഒരു തുകയായിരുന്നു. എങ്കിലും അവളുടെ യഥാർത്ഥമായ സമർപ്പണമനോഭാവവും ത്യാഗശീലവും എല്ലാവർക്കും മാതൃകയാകട്ടെ എന്നു കരുതിയാണ് കർത്താവ് അവളെ പ്രശംസിച്ചത്. കൊടുക്കുന്ന കാര്യത്തിൽ നാമെല്ലാവരും ഈ വിധവയെപ്പോലെ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും" (ലൂക്കൊ. 6:38). ദൈവത്തിനു മുഖപക്ഷമില്ല. നാമെല്ലാവരും നമ്മുടെ പ്രാപ്തിപോലെയും പ്രാപ്തിക്കുമീതെയും കൊടുക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. കർത്താവ് തന്നെത്തന്നെ സമ്പൂർണ്ണമായി ഏല്പിച്ചു തന്നു. തന്റെ ശിഷ്യന്മാരും താൻ വിളിച്ചപ്പോൾ സകലവും വിട്ട് തന്നെ അനുഗമിച്ചു. പൗലൊസും ഈ യേശുവിനെ കണ്ടുമുട്ടിയപ്പോൾ തനിക്കു ലാഭമായിരുന്നതൊക്കെയും ചേതമെന്ന് എണ്ണി. തന്റെ പ്രാണനും പാനീയയാഗമായി ഒഴിക്കപ്പെട്ടു.

തങ്ങൾക്കുള്ളതൊക്കെയും ദൈവത്തിനായി ചെലവാക്കിയ അനേകം സ്ത്രീകളെ നമുക്കു തിരുവചനത്തിൽ കാണാം. അവരെയൊക്കെയും കർത്താവു പ്രശംസിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രിയ സഹോദരിമാരേ, കർത്താവിൽ നിന്നു പുകഴ്ച ലഭിക്കുമാറ് കർത്താവിനായി ചെലവിട്ടു ജീവിക്കുവാൻ ദൈവം നമുക്കു കൃപ നല്കുമാറാകട്ടെ.

**ജോയമ്മ സാംസൺ, കൊല്ലം**

*ഇതാ, യഹോവയായ കർത്താവ് ബലശാലിയായി വരുന്നു;*
*അവന്റെ ഭുജം അവനുവേണ്ടി ഭരണം ചെയ്യുന്നു;*
*ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം*
*അവന്റെ കൈയിലും ഉണ്ട്. (യെശയ്യാവ് 40:10)*

# ദൈവം പ്രസാദിക്കുന്ന സൗരഭ്യവാസന

"രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും, നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു" (2 കൊരി 2:15). എത്ര നല്ല സാക്ഷ്യം! സൗരഭ്യം ഇഷ്ടപ്പെടാത്തവർ ആരുണ്ട്? ഇവിടെ ദൈവം പ്രസാദിക്കുന്ന സൗരഭ്യവാസന! അത് ക്രിസ്തുവിന്റെ സൗരഭ്യവാസന. പഴയനിയമത്തിൽ സമാഗമനകൂടാരം പണിതപ്പോൾ അതിന്നകത്തെ ഉപകരണങ്ങളിന്മേലും, യാഗങ്ങളിലും, പുരോഹിതന്മാരുടെമേലും മറ്റും തളിച്ചും ഒഴിച്ചും അഭിഷേകം ചെയ്യുവാൻ പലവിധ വ്യഞ്ജനങ്ങൾ ചേർത്തുണ്ടാക്കിയ വിശേഷതൈലം ഉണ്ടാക്കുന്നതിനായി ദൈവം മോശെയോടു കല്പിക്കുന്നു. യഹോവ സാക്ഷ്യകൂടാരത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ മണക്കേണ്ടതിന് സൗരഭ്യവാസന പരത്തുന്ന പരിമളതൈലം. അവയൊക്കെ ക്രിസ്തുവിന്റെ നിഴലാണല്ലോ? അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുവാൻ ഉദ്ദേശിക്കുന്നില്ല. ദൈവം പ്രസാദിച്ച ഏറ്റവും ഉത്തമമായ സൗരഭ്യവാസന തന്റെ ഏകജാതനായ പുത്രൻ, സർവ്വലോകത്തിന്റെയും പാപങ്ങളെ ചുമന്നുകൊണ്ട് ദൈവത്തിന്റെ കുഞ്ഞാടായി കാൽവറി ക്രൂശിൽ സ്വയം അർപ്പിച്ചപ്പോൾ ഉയർന്ന സൗരഭ്യമായിരുന്നു. പഴയനിയമ യാഗമൃഗങ്ങൾ ചത്തു ചാമ്പലായപ്പോൾ ദൈവത്തിന്റെ കുഞ്ഞാട് മരിച്ച് അടക്കപ്പെട്ട് വീണ്ടും ജീവിച്ച് ഇന്ന് സ്വർഗ്ഗത്തിൽ 'ദൈവിക സിംഹാസനത്തിന്റെയും നാലു ജീവികളുടേയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നു എന്ന കാഴ്ച യോഹന്നാൻ തന്റെ വെളിപ്പാടിൽ കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 5:6). ഈ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് കൃപയാലെ വിശ്വാസം മൂലം ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച എല്ലാ ദൈവമക്കളിൽ നിന്നും പിതാവ് ആഗ്രഹിക്കുന്നത് ക്രിസ്തുവിന്റെ സൗരഭ്യവാസന മറ്റുള്ളവരിലേക്കു പകരുക എന്നതാകുന്നു. എങ്ങനെയാണ് അപ്പൊസ്തലന്മാരും, ആദ്യനൂറ്റാണ്ടിലെ വിശുദ്ധന്മാരും ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയായി ജീവിച്ചത്?

ഒന്നാമതായി ദൈവമക്കൾ 'ബുദ്ധിയുള്ള ആരാധനയായി തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുക എന്നതാകുന്നു. ദൈവമക്കളുടെ

ഹൃദയത്തിൽ നിന്നും ഉയരുന്ന സ്തുതിസ്തോത്രങ്ങളാകുന്ന സൗരഭ്യത്തിൽ ദൈവം പ്രസാദിക്കുന്നു. സകല സ്തുതികൾക്കും, സ്തോത്രത്തിനും മഹത്ത്വത്തിനും യോഗ്യൻ ദൈവം മാത്രമാകുന്നു. ദൈവം തന്റെ മഹത്ത്വം ആർക്കും നല്കുകയില്ല. സത്യത്തിലും വിശുദ്ധിയിലും പരിശുദ്ധാത്മാവാകുന്ന അഭിഷേകതൈലവുമായി ക്രിസ്തുയേശുവിലൂടെ അർപ്പിക്കുന്ന ആരാധനയാണ് ദൈവം സുഗ്രാഹ്യമായി സ്വീകരിക്കുന്നത്.

"അടുത്തതായി വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം". ദൈവമക്കളെല്ലാവരും ദൈവത്താൽ നീതീകരിക്കപ്പെട്ട് ശുദ്ധികരിച്ച് വേർപെട്ട് നിർത്തിയിരിക്കുന്ന രാജകീയപുരോഹിതവർഗ്ഗമാകുന്നു. സ്ത്രീപുരുഷ ഭേദമില്ലാതെ പരിശുദ്ധാത്മസഹായത്താലും പരിശുദ്ധാത്മനിറവിലും യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനകൾ ദൈവിക തിരുനിവാസത്തിലേക്ക് സൗരഭ്യധൂപവർഗ്ഗമായി ഉയരുമ്പോൾ പിതാവാം ദൈവം അതിൽ പ്രസാദിക്കുന്നു.

അടുത്തതായി "നന്മ ചെയ്യാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്; ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്". സൽപ്രവൃത്തികൾ ചെയ്യേണ്ടതിനാണ് ദൈവം നമ്മെ വീണ്ടെടുത്തത്. നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന്ന് അതു പാപമാകുന്നു.

പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നതോടൊപ്പം വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും അതിഥിസത്ക്കാരം ആചരിക്കയും ചെയ്യുന്നതിൽ പിതാവു പ്രസാദിക്കുന്നു. ഫിലിപ്യയിലെ വിശ്വാസികൾ പൗലൊസ് അപ്പൊസ്തലന് ഒരു കൂട്ടായ്മ അയച്ചത് സ്വീകരിച്ചപ്പോൾ അപ്പൊസ്തലൻ മറുപടി പറഞ്ഞത് "നിങ്ങൾ അയച്ചു തന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും, സുഗ്രാഹ്യവുമായ യാഗമായി ഞാൻ പ്രതിഗ്രഹിച്ചു" എന്നായിരുന്നു.

ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തു നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവും അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു! പിതാവു നമ്മെ സ്നേഹിച്ചതു പോലെ നാം അന്യോന്യം സ്നേഹിക്കുക. ദൈവം നമ്മിൽ പ്രസാദിക്കുന്നു. "നാം വാക്കിനാലും

നാവിനാലുമല്ല. പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക"! സ്നേഹത്തെക്കുറിച്ച് വിവരിക്കേണ്ടതില്ലല്ലോ.

ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു! ദൈവമക്കൾ ഒത്തൊരുമിച്ച് കൂട്ടായ്മ ആചരിച്ച് ജീവിക്കുന്നത് കാണുന്നത് ദൈവത്തിനു സൗരഭ്യം തൂകുന്ന അഭിഷേകതൈലം പോലെയാകുന്നു. ഈ ഐക്യം നമ്മുടെ ഭവനങ്ങളിലും വിവാഹജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും കാണുന്നുണ്ടോ? ഭാര്യാഭർത്താക്കന്മാർ തമ്മിൽ തമ്മിൽ ക്രിസ്തുവും സഭയും പോലെയാകുന്നുവോ ജീവിതം? സഭ യിൽ സഹോദരീസഹോദരന്മാർ തമ്മിലുള്ള സ്നേഹവും, കൂട്ടായ്മയും ഐക്യവും ദൈവത്തിനു സൗരഭ്യവാസനയായി സുഗന്ധം പരത്തുന്ന താകുന്നുവോ? അതോ ദുർഗ്ഗന്ധം വമിക്കുന്ന വഴക്കുകളും, പിണക്ക ങ്ങളും, കോടതികളും, വിവാഹമോചനങ്ങളും, വാദപ്രതിവാദങ്ങളു മാകുന്ന ദുർഗ്ഗന്ധം വമിക്കുന്നതാകുന്നുവോ?

നമ്മുടെ വിശ്വാസജീവിതം മറ്റുള്ളവർക്കു മാതൃകയായിരിക്കു ന്നുവോ? കർത്താവിൽ എപ്പോഴും സന്തോഷിക്കയും, ഇടവിടാതെ പ്രാർത്ഥിക്കയും എല്ലാറ്റിനും എല്ലായ്പ്പോഴും സ്തോത്രം ചെയ്യുന്ന അനുഭവമാകുന്നുവോ? കാഴ്ചയാലല്ല, വിശ്വാസത്താലെയാണോ ജീവി ക്കുന്നത്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിക യില്ല. അവിശ്വാസമുള്ള ദുഷ്ടഹൃദയത്തിൽ നിന്നും ഉയരുന്നത് ദുർഗ്ഗന്ധ മായിരിക്കും. വിശ്വാസജീവിതം ദൈവം പ്രസാദിക്കുന്ന സുഗന്ധ മാകുന്നു.

പ്രിയമുള്ളവരേ, നമ്മുടെ ഭവനങ്ങളിൽ ഒരു യാഗപീഠമുണ്ടോ? ആ യാഗപീഠത്തിൽ നിന്നും നിരന്തരം ധൂപമായി നമ്മുടെ പ്രാർത്ഥന, സ്തുതി സ്തോത്രയാഗം നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി, ബുദ്ധിയുള്ള ആരാധനയായി ജീവനും, വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി, സൗരഭ്യം തൂകുന്ന ധൂപം, ദൈവിക തിരുനി വാസത്തിലേക്കുയരുന്നുവോ? വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നമ്മുടെ ഭവനങ്ങൾ ജീവന്റെ വചനം പ്രമാണിച്ചു ജീവിക്കുന്ന നക്ഷത്രങ്ങളായി പ്രകാശിക്കുന്നുവോ? നമ്മുടെയൊക്കെ ഭവനങ്ങളിൽ നിന്നും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന പരത്തുന്ന വിധ ത്തിലുള്ള ജീവിതമാകുന്നുവോ നാം ജീവിക്കുന്നത്? അതോ ദുർഗ്ഗന്ധം പരത്തുന്ന ലജ്ജാകരങ്ങളായ ജീവിതമോ? നമ്മുടെ സംസാരം, നടപ്പ് ഇടപാടുകൾ, ജീവിതമെല്ലാം ക്രിസ്തുവിനെ ഉയർത്തിക്കാണിക്കു ന്നതും, പരിശുദ്ധാത്മാവാകുന്ന സുഗന്ധതൈലത്താൽ അഭിഷേകം

*ശേഷം പേജ് 25 കാണുക*

# ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോൻ

യിസ്രായേലിൽ രാജാവില്ലാത്ത കാലത്തായിരുന്നു ന്യായാധിപന്മാർ അവരുടെ ഇഷ്ടപ്രകാരം ഭരണം നടത്തിയിരുന്നത്. യിസ്രായേലിന്റെ ഇരുളടഞ്ഞ കാലഘട്ടമായിരുന്നു ന്യായാധിപന്മാരുടെ കാലം. ശിംശോന്റെ ജനനവും ജീവിതവും എല്ലാ ന്യായാധിപന്മാരുടെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. ദൈവനിയോഗപ്രകാരം ജനിച്ച ന്യായാധിപനായിരുന്നു ശിംശോൻ. മറ്റുള്ള ന്യായാധിപന്മാർ അവരുടെ പുരുഷപ്രായത്തിൽ ന്യായാധിപന്മാർ ആയതാണ്. എന്നാൽ ശിംശോൻ തന്റെ അമ്മയുടെ ഉദരത്തിൽവച്ചുതന്നെ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനായിരുന്നു. യിസ്രായേലിന്റെ രക്ഷകനായി തന്നെ ജനിച്ചു.

ശിംശോൻ ഒരു ന്യായാധിപനായി ഒരിക്കലും പ്രവർത്തിച്ചിട്ടില്ല. തന്റെ സ്വന്തം മാർഗ്ഗത്തിൽ കൂടെ ശത്രുക്കളെ തോല്പിച്ചു. എത്ര വലിയ ശത്രുവിനെയും താൻ ഒറ്റയ്ക്കു നേരിട്ടു. യിസ്രായേലിന്റെ ശത്രുക്കളായിരുന്നു ഫെലിസ്ത്യർ. അവരിൽ നിന്നും ഒരു കന്യകയെ താൻ വിവാഹം കഴിച്ചു. മാതാപിതാക്കൾ ശക്തമായി എതിർത്തു. മനുഷ്യന്റെ ദൃഷ്ടിയിൽ താൻ ചെയ്തത് തെറ്റായി തോന്നിയെങ്കിലും ദൈവദൃഷ്ടിയിൽ അത് തെറ്റായിരുന്നില്ല. ഇവയെല്ലാം ദൈവനിയോഗപ്രകാരം സംഭവിച്ചു. തന്റെ ജഡികസ്വഭാവം ത്യജിക്കുവാൻ തനിക്കു കഴിഞ്ഞില്ല. മാതാപിതാക്കളെ അനുസരിക്കാതെയുള്ള തന്റെ വിവാഹജീവിതം അധികകാലം നീണ്ടുനിന്നില്ല. ഫെലിസ്ത്യർ തന്റെ ഭാര്യയോടു അപമര്യാദയായി പെരുമാറി. അതിന്റെ ഫലമായി ഫെലിസ്ത്യരുടെ കൃഷി താൻ നശിപ്പിച്ചു. ദൈവഹിതപ്രകാരമല്ലാത്ത നടപ്പു ദൈവത്തിനു ഒരിക്കലും ഇഷ്ടമില്ലാത്തതാണ്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി വേണം നാം നടക്കുന്നത്.

പത്രൊാസ് തന്റെ നോട്ടം യേശു ക്രിസ്തുവിൽ നിന്നും മാറ്റിയതിനാൽ താൻ വെള്ളത്തിൽ മുങ്ങുവാൻ അതു കാരണമായി. ശിംശോന്റെ അന്ത്യം നമുക്കും സംഭവിക്കാതിരിപ്പാൻ ശ്രമിക്കുക. കാര്യസാദ്ധ്യത്തിനു വേണ്ടി കർത്താവിനെ അനുഗമിക്കരുത്. കാര്യസാദ്ധ്യത്തിനാണെങ്കിൽ ഇപ്പോൾ കൂലിപ്പണിക്കും നല്ല ശമ്പളം ഉണ്ട്. ഏതെങ്കിലും വിധത്തിൽ എനിക്കും കിട്ടണം പണം. നാലു പേർ ജീവിക്കുന്നതുപോലെ എനിക്കും ജീവിക്കണമെന്നുള്ള ചിന്ത പാടില്ല. അയൽക്കാരനെനോക്കി ജീവിക്കരുത്. സകലരോടും സുവിശേഷം അറിയിക്കുവാ

നുള്ള നമ്മുടെ നിയോഗം മറക്കരുത്. അത് ഉപദേശിമാർക്കും, പട്ടക്കാർക്കും മാത്രമായിട്ടുള്ള നിയോഗമാണ് എന്ന് ധരിക്കരുത്. അവർക്ക് വേണ്ടി മാത്രമോ യേശുക്രിസ്തു മരിച്ചത്? നമുക്കെല്ലാവർക്കും വേണ്ടിയാണ്. ദൈവത്തിനുവേണ്ടി വ്രതസ്ഥനായ ആൾ ദൈവത്തിന്റെ ഹിതാനുവർത്തി ആയിരിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ പുതിയസൃഷ്ടിയാണ്. പഴയതെല്ലാം ഉപേക്ഷിക്കണം. പാപികളുടെ വഴിയിൽ നില്ക്കരുത്. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ദൈവത്തിനായി നിവേദിക്കപ്പെട്ട ശിംശോൻ ഒടുവിൽ എന്തായിത്തീർന്നുവെന്നു വേദപുസ്തകം പരിശോധിക്കുക. ദൈവം ഒരാളെ താഴ്ത്തുകയും മറ്റൊരാളെ ഉയർത്തുകയും ചെയ്യുന്നു.

ദൈവത്തിനു കൊടുക്കേണ്ട മഹത്ത്വം ദൈവത്തിന് കൊടുക്കണം. ആയിരം പേരെ കൊന്ന മഹത്ത്വം താൻതന്നെ സ്വന്തമാക്കുന്നു (ന്യായാ. 15:18). ശിംശോന്റെ വിവാഹജീവിതം ദയനീയ പരാജയമായിത്തീർന്നു. ആദ്യമായി വിവാഹം കഴിച്ച ഭാര്യ മറ്റൊരുത്തന്റെ ഭാര്യയായിത്തീർന്നു. പിന്നെ താൻ ഗസ്സയിലുള്ള ഒരു വഴിപിഴച്ച സ്ത്രീയുമായി പരിചയപ്പെട്ടു. അവിടെവച്ചു ഫെലിസ്ത്യർ അവനെ പിടിക്കുവാൻ ശ്രമിച്ചു; നടന്നില്ല. പിന്നീടു ദലീലയെന്നു പേരുള്ള മറ്റൊരു ദുർമാർഗ്ഗിയെ പരിചയപ്പെട്ടു. അവർ ഒരുമിച്ചു പാർത്തു അതിന്റെ അന്ത്യമോ വലിയ പരാജയമായിരുന്നു. ഒരു ഭോഷനെപ്പോലെ ആ സ്ത്രീയുടെ മുമ്പിൽ താൻ ആയിത്തീർന്നു. അവന്റെ മഹാശക്തിയുടെ രഹസ്യം അവൾക്കു പറഞ്ഞുകൊടുത്തു.

ദൈവത്തിനുവേണ്ടി ദൈവം തിരഞ്ഞെടുത്ത ശിംശോൻ തന്റെ നാസീർവ്രതം തെറ്റിച്ചു. യിസ്രായേൽ ജനത്തിനു ന്യായാധിപനായി തന്നെ വിളിച്ചു. ആത്മാവിൽ നിറച്ചു. എന്നാൽ താൻ യിസ്രായേലിനുവേണ്ടി നിലനിന്നില്ല. ഇങ്ങനെയുള്ള ദലീലമാരുടെയിടയിൽ ജീവിക്കുന്നതും ഉറങ്ങുന്നതുമായ ധാരാളം കർത്താവിന്റെ വേലക്കാരെ അറിയാം. ആയതിനാൽ നാം ചെയ്യരുതാത്തവ ചെയ്യരുത് എന്നു മറക്കാതിരിക്കുക. ഇടയ്ക്കിടെ ഓർക്കുക. അതാണ് ദൈവജനത്തിന്റെ ഉത്തരവാദിത്തം. കർത്താവിന്റെ വഴിയിൽ നടക്കുക. അതാണ് ഇന്ന് അത്യാവശ്യം. നമ്മുടെ മാതൃകയില്ലാത്ത ജീവിതം കർത്താവിനെ അറിയുവാൻ മറ്റുള്ളവർക്ക് ഇന്ന് വിലങ്ങുതടിയാണ്. ശിംശോൻ ദൈവത്തിനും തന്റെ ജനമായ യിസ്രായേലിനും വേണ്ടി നിന്നില്ല. അദ്ദേഹത്തിന്റെ അന്ത്യം വളരെ ദയനീയമായിരുന്നു. നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുന്ന ദൈവമല്ല. തന്റെ വഴി തികവുള്ളതാണ്. മറ്റുവഴികൾ ആ തികവുള്ള വഴികൾ അല്ല. ദലീലയുടെ മടിയിൽ ഉറങ്ങുവാനല്ല ദൈവം ശിംശോനെ തിരഞ്ഞെടുത്തത്.

ആയതുകൊണ്ട് താൻ പോകരുതാത്ത വഴിയിൽ കൂടെ പോയതിനാൽ ദൈവം അദ്ദേഹത്തെ ശിക്ഷിച്ചു. നില്ക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കുക. വിശ്വാസികൾ ദൈവത്തിന്റെ വഴിയിൽ നടന്നില്ലെങ്കിൽ ദൈവം തരുന്ന ശിക്ഷ വളരെ ദയനീയമാണെന്ന് ശിംശോന്റെ ജീവിതത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഇത് ചിന്തിക്കാതെ ക്രിസ്തിയ ജീവിതം തുടങ്ങിയിരിക്കുന്ന വിശ്വാസികൾ എന്നു പറയുന്നവർ ചിന്തിക്കണം. അവർ പുല്ലു പോലെ ഉണങ്ങിപ്പോകും. കർത്താവിന്റെ ഹിതം ചെയ്ത് അവന്റെ വേല തികയ്ക്കുക. ലക്ഷ്യം മാറ്ററുത് ലക്ഷ്യത്തിൽത്തന്നെ നില്ക്കുക. ശിംശോൻ എന്തുകൊണ്ടാണ് ഫെലിസ്ത്യരുടെ കൈകളിൽ ആയത്? തന്റെ വഴിവിട്ട ജീവിതം തന്നെ അതിലേക്ക് നയിച്ചു. വഴിവിട്ട് ജീവിക്കരുത്. ദലീലയുടെ മടിയിലെ ഉറക്കം താൻ നിർത്തിയിരുന്നെങ്കിൽ ഇപ്രകാരമുള്ള ദയനീയ അവസ്ഥയിൽ താൻ ആകുകയില്ലായിരുന്നു. ഒടുവിൽ രണ്ടു കണ്ണും നഷ്ടപ്പെട്ടു കാരാഗൃഹത്തിൽ മാവു പൊടിക്കുന്ന ആളായിത്തീർന്നതു ഓർക്കുക. ദൈവം തന്നെ യിസ്രായേലിനു ന്യായാധിപനായി ജനിപ്പിച്ചു. നടപ്പു നന്നാക്കിയില്ല. നമ്മുടെ നടപ്പു സൂക്ഷിക്കുക. പണമല്ല വലിയകാര്യം. ലോകത്തിന്റെ മുമ്പിലാണ് പണം. എന്നാൽ ജീവിക്കുവാൻ പണം വേണം. ദൈവത്തിൽ ആശ്രയിക്കുക. തക്ക സമയത്തു പണം തരുന്ന ഒരു നല്ല കർത്താവു സ്വർഗ്ഗത്തിൽ പിതാവിന്റെ വലഭാഗെ നമുക്കായി ജീവിക്കുന്നു. നമുക്കുവേണ്ടി നമ്മുടെ സകലത്തിനുമായി പക്ഷവാദം കഴിക്കുന്നു. പുത്രന്റെ നാമത്തിൽ എന്തുചോദിച്ചാലും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുക. പിതാവ് അധികാരങ്ങൾ എല്ലാം പുത്രന് കൊടുത്തിരിക്കുന്നു. പിതാവും പുത്രനും ഒന്നുതന്നെയാണ്. പുത്രനോടു ചോദിച്ചു വാങ്ങുക. അതിനായി ദൈവം സഹായിക്കട്ടെ.

**അന്നമ്മ സി. ജോൺ**

---

*പേജ് 22 ന്റെ തുടർച്ച (ദൈവം പ്രസാദിക്കുന്ന സൗരഭ്യവാസന)*

ചെയ്യപ്പെട്ട ജീവിതമാകുന്നുവോ? "ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട് ക്രിസ്തു എന്നിൽ വസിക്കുന്നു" എന്നു മറ്റുള്ളവർ കാണത്തക്ക ജീവിതം നയിക്കുവാനിടയാകണം. നമ്മുടെ ഭവനത്തിലെ യാഗപീഠത്തിൽ നിന്നും, പ്രാർത്ഥന, സ്തുതി സ്തോത്രങ്ങളാകുന്ന ആരാധന, തിരുവചനപഠനവും ധ്യാനവും, മറ്റുമാകുന്ന സൗരഭ്യവാസന ദൈവിക തിരുനിവാസത്തിലേക്ക് നിരന്തരം ഉയരുന്നുണ്ടോ? അങ്ങനെയുള്ള ഭവനങ്ങളിൽ ദൈവം പ്രസാദിക്കയും അനുഗ്രഹിക്കുകയും ചെയ്യും. അങ്ങനെ ആകുവാൻ ശ്രമിക്കാം.

**എത്സി ബേബി, ന്യൂയോർക്ക്**

# കർത്താവിന്റെ ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ ആകുക

“ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ”. (മത്തായി 11:29)

കർത്താവിന്റെ അനേക ദിവ്യസ്വഭാവങ്ങളിൽ ഉൾപ്പെട്ടതാണ് സൗമ്യതയും താഴ്മയും. നമ്മുടെ കർത്താവ് ഭൂമിയിൽ മനുഷ്യനായി വന്നപ്പോൾ ഏറ്റവും സൗമ്യനായി ജീവിച്ചതായി നമുക്ക് കാണാം. തന്റെ ശക്തി നിലനില്ക്കുമ്പോൾ തന്നെ ബലഹീനനെപ്പോലെ അടിക്കുന്നവർക്ക് ഞാനെന്റെ മുതുകും രോമം പറിക്കുന്നവർക്ക് എന്റെ കവിളും കാണിച്ചുകൊടുത്തു; എന്റെ മുഖം നിന്ദെക്കും തുപ്പലിനും മറെച്ചിട്ടുമില്ല. (യെശ. 50:6) ഇത്രമാത്രം പീഡകൾ ഏൽക്കുമ്പോഴും അവർക്കെതിരെ ഒരു വാക്കുപോലും പറഞ്ഞില്ല. ഇവർ ചെയ്യുന്നത് എന്ത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ എന്ന അത്ഭുത കരമായ മൊഴിയാണ് കർത്താവിൽ നിന്നുംകേട്ടത്. അവൻ പാപം ചെയ്തിട്ടില്ല അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല; തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്ക യത്രേ ചെയ്തത് (1 പത്രൊ. 2:22,23). സ്വർഗ്ഗത്തിലെ സകല മഹിമയും വെടിഞ്ഞ് ഭൂമിയിലേക്ക് ഇറങ്ങിവന്ന കർത്താവു തന്റെ ശിഷ്യന്മാരുമായി അത്താഴത്തിനിരിക്കുമ്പോൾ എഴുന്നേറ്റ് പോയി വസ്ത്രം ഉരിഞ്ഞു വെച്ച് ഒരു തുവർത്തുഎടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാൻ തുടങ്ങി. (യോഹ 13 :4,5) കൂട്ടത്തിൽ എളിയ ദാസൻ ചെയ്യേണ്ട ശുശ്രൂഷ ആർ ചെയ്യും എന്ന് ശിഷ്യന്മാർ തമ്മിൽ തമ്മിൽ ചിന്തിച്ചത് കൊണ്ടാകാം കർത്താവ് ആ ശുശ്രൂഷ ഏറ്റെടുത്തത്. മാത്രമല്ല അവരുടെ ഇടയിൽ വലിയവൻ ആർ എന്ന വാദം നിലനിന്നിരുന്നു. ഗുരുവിന്റെ കാൽ ശിഷ്യൻ കഴുകുക പതിവാണു എന്നാൽ മഹത്ത്വസമ്പൂർണ്ണനായ ദൈവമായിരുന്നവൻ തന്റെ ശിഷ്യ ന്മാരുടെ കാൽ കഴുകി എന്നത് എത്ര വലിയ താഴ്മയുടെ പ്രകടനമാണ്. അപ്രകാരം നമുക്കു മാതൃക കാണിച്ചുതന്ന സർവ്വശക്തനായ ദൈവം മനുഷ്യൻ എന്ന നിലയിൽ ജീവിക്കുമ്പോൾ ഇത്രമാത്രം സൗമ്യനായി താഴ്മയോടെ ജീവിച്ചുവെങ്കിൽ ദൈവമക്കൾ എന്ന് അറിയപ്പെടുന്ന നാം എത്രയധികം താഴേണ്ടതാണ്. താഴ്മയുള്ളവർക്കു കൃപ നല്കുന്നു. നിഗളികളോട് അവൻ എതിർത്തുനില്ക്കുന്നു (യാക്കോബ്. 4:6)

സൃഷ്ടികർത്താവായ ദൈവത്തെപ്പോലും വകവെയ്ക്കാതെ ഹുങ്കാര ഭാവത്തോടെ ഉയർന്നു നില്ക്കുന്ന പർവ്വതത്തെ പോലെയാണ്

നിഗളികൾ. അവരോടു ഇടപെടുന്നതു എളുപ്പമല്ല. പർവ്വതത്തെ തകർക്കുക എളുപ്പമല്ല അതിനെ ചെറുതായിട്ട് ഉടയ്ക്കണമെങ്കിൽ പോലും അതിന് പരിശീലനം ലഭിച്ചവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. അതും വളരെ അപകടം നിറഞ്ഞതാണ്. ഇപ്രകാരമാണ് നിഗളികൾ അവരുടെ സ്വഭാവത്തിന്റെ ഏറ്റവും പ്രകടമായ ഭാവം അവർ ആരുടെയും മുമ്പിൽ തല കുനിയ്ക്കില്ല. മറ്റുള്ളവർ എല്ലാവരും അവരെക്കാൾ താഴ്ന്നവരാണെന്നഭാവവും ആയിരിക്കും. അവർ ആരുടെ വാക്കുകൾക്കും വില കൊടുക്കുകയില്ല. ആരുടെ ഉപദേശവും അവർ ചെവിക്കൊള്ളില്ല. മാത്രമല്ല ആത്മീയതലത്തിലും ഭൗതികമായിട്ടും അവർ പ്രശ്നക്കാരായിരിക്കും. മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നെണ്ണുവാൻ അവർക്ക് ഒരിക്കലും സാധിക്കുകയില്ല. ദൈവഭക്തരായി ജീവിക്കുമെങ്കിലും ദൈവത്തിന്റെ ആലോചനയ്ക്ക് ചെവി കൊടുക്കുകയില്ല. മിക്കവാറും ഇങ്ങനെയുള്ളവർ സ്വസ്നേഹികൾ ആയിരിക്കും. എന്നാൽ അവരെ പണിയുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. പണിയുന്നതിന് മുന്നേ ഉടയ്ക്കുകയും തകർക്കുകയും ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഉടയവൻ ആഗ്രഹിക്കുന്ന രീതിയിലുള്ള പ്രയോജനം ലഭിക്കുകയുള്ളൂ.

യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു; ഗർവ്വിയെയോ അവൻ ദൂരത്തുനിന്നും അറിയുന്നു (സങ്കീ. 138:6). താഴ്മയുള്ളവർ താഴ്വരയെ പോലെയാണ് കുന്നുകളും മലകളും ഒഴുക്കിവിടുന്ന വെള്ളവും വളവും ഏറ്റുവാങ്ങി ഫലഭൂയിഷ്ഠമായ മണ്ണായി തീരുന്നു. അവിടെ കർഷകൻ നല്ല വിത്ത് വിതയ്ക്കുമ്പോൾ അത് 100 മേനിയായി വിളയുകയും ദൈവത്തിനും മനുഷ്യർക്കും പ്രയോജനപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ താഴ്മയുള്ളവരുടെ ജീവിതത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ആർക്കും അവരോട് എന്തു വേണമെങ്കിലും ഉപദേശിക്കുവാനും നേർവഴിക്ക് നടത്തുവാനും സാധിക്കും. അവർ എല്ലാവരെയും ഉൾക്കൊള്ളുകയും അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് ശ്രദ്ധാപൂർവ്വം കേട്ട് അനുസരിച്ച് നല്ലതും ചീത്തയും തിരിച്ചറിഞ്ഞു വിവേകത്തോടെ ജീവിതം നയിക്കുകയും ദൈവത്തിന്റെ കൈയ്യിൽ ഇണങ്ങുന്ന ആയുധമായി ഉപയോഗപ്പെടുകയും ചെയ്യുന്നു.താഴ്മയോടെ ചേർന്ന് നില്ക്കുന്ന സ്വഭാവമാണ് സൗമ്യത. അത് താഴ്മയുള്ളവരുടെ മുഖമുദ്രയാണ്. അവരുടെ ആ സ്വഭാവം അവരിൽ നിന്ന് സ്വയം ഉണ്ടാകുന്നതാണ് അത് അവർ ഭാവിക്കുന്നതല്ല. ഇങ്ങനെ കർത്താവിന്റെ ദിവ്യസ്വഭാവമായ താഴ്മയും സൗമ്യതയും നമുക്കു പഠിച്ചു നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സർവ്വ കൃപാലുവായ ദൈവം നമ്മളെ ഏവരെയും സഹായിക്കുമാറാകട്ടെ. *തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.*

**മഹേശ്വരി പുരന്ദരൻ**

# നിരപരാധിയായ അന്നക്കുട്ടി

അന്നു ചന്തദിവസമായിരുന്നു. തിരുമേനി - പയ്യന്നൂർ ബസിൽ നല്ല തിരക്ക്. അരവൻചാൽ ബസ് സ്റ്റോപ്പിൽ ഇറങ്ങിയത് വളരെ പാടുപെട്ടാണ്. എന്റെ കൂട്ടത്തിൽ അവിടെ പ്രവർത്തിക്കുന്ന സുവിശേഷകൻ കുറിയാക്കോസും പ്രിസൺ ഫെലോഷിപ്പ് വാളണ്ടിയർ ജോർജും ഉണ്ടായിരുന്നു. 1 കിലോ മീറ്റർ ഊടുവഴിയിലൂടെ നടന്നു. ജനുവരി മാസമായിരുന്നതിനാൽ കശുമാവിൻ പൂവിന്റെ മണം നല്ലതുപോലെ പരന്നിട്ടുമുണ്ട്. മലബാറിന്റെ വിളവുകളിൽ കശുവണ്ടി ഒരു നല്ല പങ്കുവഹിക്കുന്നുണ്ട്.

കശുമാവിൻതോപ്പിലൂടെ ഞങ്ങൾ നടന്നു. ചില മരങ്ങളിൽ കായ്കൾ പ്രത്യക്ഷമായിട്ടുണ്ട്. "സാറേ കശുമാങ്ങയ്ക്ക് വെളിയിലാണ് അതിന്റെ കുരു. സാധാരണ വിത്തുകളെല്ലാം പഴത്തിനകത്താണല്ലോ. അതിനുപുറകിൽ ഒരു ഐതിഹ്യമുണ്ട്, അറിയാമോ?" എന്റെ അറിവില്ലായ്മ മനസ്സിലാക്കിയ ജോർജ് തുടർന്നു. "ഏദൻ തോട്ടത്തിൽവച്ച് ദൈവം സകലവും സൃഷ്ടിച്ചു. ആദാമിന് ഒന്നും സൃഷ്ടിക്കുവാൻ അവസരം നല്കാതിരുന്നതിൽ തെല്ലു പരിഭവം ദൈവത്തോടറിയിച്ചപ്പോൾ ഏതെങ്കിലും ഒരു പഴം സൃഷ്ടിക്കുവാൻ അവസരം നല്കി. അങ്ങനെ മനോഹരമായ ഒരു പഴം ആദം സൃഷ്ടിച്ചു. അത് ദൈവത്തിനു മുമ്പിൽ അവതരിപ്പിച്ചു. ആദാമിന്റെ സൃഷ്ടിയെ ദൈവം അഭിനന്ദിച്ചു. പഴത്തിന്റെ വിത്ത് കാണട്ടേ, മുറിക്കുവാൻ പറഞ്ഞു. മുറിച്ചപ്പോൾ കുരു ഇല്ലായിരുന്നു. ഇതിന്റെ വംശനില നില്പ് എങ്ങനെ എന്നു ചോദിച്ചപ്പോൾ, ആദാം ലജ്ജിച്ചു തലതാഴ്ത്തി. ആദാമിനെ നിരാശനാക്കാതെ ഇനി ഒരു വിത്തു സൃഷ്ടിച്ച് പഴത്തിന്റെ പുറമെ ഒട്ടിച്ചുവയ്ക്കുവാൻ ദൈവം കല്പിച്ചു. അങ്ങനെയാണ് കശുമാങ്ങയുടെ വിത്ത് പഴത്തിനു വെളിയിൽ ആയത്".

പറഞ്ഞത് ഐതീഹ്യമാണ്. എന്നാൽ ഒരു വസ്തുത എന്നെ ചിന്തിപ്പിച്ചു. മനുഷ്യന്റെ കഴിവുകൾ പരിമിതിയുള്ളതാണ്. പക്വതയിലേക്കും പൂർണ്ണതയിലേക്കും സ്വയം പര്യാപ്തതയിലേക്കും ഉയരുവാൻ, സാങ്കേതിക ജ്ഞാനത്താലും ശാസ്ത്രനേട്ടങ്ങളാലും ശ്രമിക്കുംതോറും ഗതി കീഴ്പ്പോട്ടു തന്നെ. ധാർമ്മികമായി മനുഷ്യൻ കടക്കാ

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

രനാണ്. ആത്മികമായി അവൻ പാപ്പരാണ്. പിശാച് മനുഷ്യനെ വഞ്ചിച്ചു. പാപം അവനെ തറപറ്റിച്ചു. അവനെ നഗ്നനാക്കി. പരിഹാരം ക്രിസ്തുവിലാണ് ദൈവം ഒരുക്കിയിരിക്കുന്നത്. മറ്റൊരുത്തനിലും രക്ഷയില്ല. രക്ഷ പ്രാപിപ്പാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല.

ഞങ്ങൾ നടന്ന് ഒരു ചെറിയ കുടിലിനു മുന്നിൽ എത്തി. വളർത്തുനായ് അവന്റെ കൃത്യം വിശ്വസ്തതയോടെ നിർവഹിച്ചു. അവൻ തികച്ചും നാടൻ ആണെന്ന് ആ കുരയും ശബ്ദവും വിളിച്ചറിയിച്ചു. ശ്വാനപുത്രന്റെ ശബ്ദം കേട്ടയുടനെ അകത്തുനിന്നും ഒരു സ്ത്രീ ഇറങ്ങിവന്നു കുശലം ചോദിച്ചു. ഉള്ളിൽ നിന്നും ഞങ്ങൾക്കു മൂന്നുപേർക്കും കൂടി ഇരിക്കുവാനായി ഒരു സ്ററൂൾ കൊണ്ടുവന്നു തന്നു. അത് മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളൂ. ഞാൻ വീടൊന്നു കണ്ണോടിച്ചു. ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന മേൽക്കൂര, ദാരിദ്ര്യം അതിഥി എന്ന പദവിയിൽനിന്നും ആതിഥേയനായി മാറിയിട്ടുള്ള രൂപം വീടിനുണ്ട്. അല്പസമയത്തെ സംസാരം കഴിഞ്ഞ് ആ മാതാവ് ഞങ്ങളെ കൂരയ്ക്കുള്ളിലേക്ക് കൂട്ടിക്കൊണ്ടുപോയി. അതാ, ഒരു കട്ടിലിൽ ഒരു മനുഷ്യരൂപം. ഞങ്ങൾ അടുത്തു ചെന്നു, ആ മുഖം കണ്ടു.

"ഇവളാണ് അന്നക്കുട്ടി, ഞങ്ങളുടെ മൂത്ത മകൾ. വയസ്സ് 25 കഴിയുന്നു. 39 മാസമായി ഈ കിടപ്പിൽ തന്നെ. ജീവൻ തിരിച്ചു കിട്ടുമെന്ന് കരുതുന്നില്ല. അതാ അപ്പുറത്തു ചാണകം മെഴുകിയ തറയിൽ കിടക്കുന്നു 37 മാസം പ്രായമായ അവളുടെ കുട്ടി".

അന്നക്കുട്ടി സുന്ദരിയാണ്. പിന്നെന്തേ ഇങ്ങനെ വരുവാൻ. എന്നിൽ ജിജ്ഞാസ വളർന്നു. അവളുടെ അമ്മ സംഭവമെല്ലാം വിവരിച്ചു പറഞ്ഞു. "മദ്യപിച്ചു വന്ന അവളുടെ ഭർത്താവ് അരിവാളിന് കഴുത്തിൽ വെട്ടി. രക്തത്തിൽ കിടന്നുരുളുന്ന അവളെ ഇട്ടിട്ട് കയറുമായി ഓടി അടുത്തുനിന്ന മാവിൽ കയറി. കൊമ്പിൽ കയർ കെട്ടിയപ്പോൾ വഴിപോക്കർ ആരോ കൂകി വിളിച്ചു. മരം കയറുവാൻ പരിചയമുള്ള ആരോ കയറിച്ചെന്നപ്പോഴേക്കും വേലായുധന്റെ പരിപാടി ഫലിക്കാതെ പോയി. അവൻ ചാടി ഓടി. അല്പ സമയം കഴിഞ്ഞാണ് വീടിന്റെ പുറകിലത്തെ മുറ്റത്തു ചോരയിൽ കുളിച്ചു കിടക്കുന്ന ഇവളെ കണ്ടത്. നല്ലവരായ നാട്ടുകാർ ഓടിക്കൂടി ആശുപത്രിയിൽ എത്തിച്ചു. ബോധം ഒട്ടും ഇല്ലായിരുന്നു. ഞാനും ഇവളുടെ അപ്പനും പണിസ്ഥലത്തായിരുന്നു. വിവരം കിട്ടിയ ഉടനെ ഞങ്ങളും ആശുപത്രിയിലേക്ക് ഓടി. മാസങ്ങൾകൊണ്ട് മുറിവ് കരിഞ്ഞു. വീട്ടിൽ കൊണ്ടുവന്നു കിടത്തിയ കിടപ്പാണ്. രണ്ടേക്കർ സ്ഥലമുണ്ടായിരുന്നത് വിറ്റ് ചികിത്സിച്ചു. ഇനി വിൽക്കുവാൻ ഒന്നുമില്ല. എന്റെ കെട്ടിയവൻ കൂലിവേല ചെയ്തു കുടുംബം പോറ്റുന്നു.

പള്ളിയിൽ നിന്നും എല്ലാ മാസവും ഈ ജോർജു സാർ 50 രൂപ കൊണ്ടു തരും". അന്നക്കുട്ടിയും അത് പറയുകയും കരയുകയും ചെയ്തുകൊണ്ടിരുന്നു.

മുറ്റത്തുനിന്നും സ്റ്റൂൾ കൊണ്ടുവന്നിട്ടു ഞാൻ അന്നക്കുട്ടിയുടെ കട്ടിലിന്നരികെ ഇരുന്നു. അവൾക്ക് നന്നായി സംസാരിക്കാം. കല്യാണം കഴിച്ചതു മുതൽ വെട്ടേറ്റതുവരെയും പിന്നീട് ബോധം വീണതു മുതൽ ഇതുവരെയുമുള്ള സംഭവങ്ങൾ വിവരിച്ചു പറഞ്ഞു.

സംസാരത്തിനിടയിലെല്ലാം എന്റെ മനസ്സിൽ ഒരു ചോദ്യം ഉയർന്നു വന്നു, വീണ്ടും വീണ്ടും. സുന്ദരിയായ ഈ ഭാര്യയോട് ആ മനുഷ്യാധമന് ഇങ്ങനെ ചെയ്യുവാൻ എങ്ങനെ തോന്നി ദൈവമേ. "ഇതാ സാറേ കൈ വിരലുകൾ ചലിപ്പിക്കാറായി. കാലുകളും അനക്കാം. വൈദ്യൻ പറയുന്നു ഒരു വർഷത്തിനകം കട്ടിലിൽനിന്നും എഴുന്നേറ്റു നടക്കാം എന്ന്". വീടിന്റെ കമുകിൻ കഴുക്കോലിൽ കെട്ടിയിട്ടുള്ള കയറിൽ പിടിച്ചു എഴുന്നേൽക്കുവാൻ അവൾ ശ്രമിച്ചു. ഇല്ല, കുറച്ചുനാൾക്കൂടി കഴിയണം. അല്പം നിശബ്ദതയ്ക്കു ശേഷം അന്നക്കുട്ടി തുടർന്നു. "ഭർത്താവ് സെൻട്രൽ ജയിലിലാണ്. 5 വർഷത്തേക്ക് ശിക്ഷിച്ചു എന്ന് അറിഞ്ഞു. ഇന്നു രാവിലെയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. അയാൾ ശിക്ഷകഴിഞ്ഞ് വരുമെന്ന് ഞാൻ വിശ്വസിക്കുന്നു". അവൾ കണ്ണുകൾ തുടച്ചു.

ഇത്ര കഠിനമായി പെരുമാറിയ ഭർത്താവിനെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും? അയാളെ എങ്ങനെ കാത്തിരിക്കുവാൻ കഴിയും?. അയാൾ വന്നാൽ ഒന്നിച്ചു ജീവിക്കുവാൻ കഴിയുമോ? ഞാൻ ചോദിച്ചു. "ഞാൻ അദ്ദേഹത്തിന്റേതാണ്, അദ്ദേഹം എന്റേതും. അദ്ദേഹത്തെ മാത്രം ഞാൻ സ്നേഹിക്കും. ജീവപര്യന്തം". ആ വാക്കുകൾ വിശ്വസിക്കുവാനും അംഗീകരിക്കുവാനും ഞാൻ നന്നെ പാടുപെട്ടു.

ഈ അദ്ധ്യായത്തിലൂടെ ഒരു വലിയ വസ്തുതയിലേക്കു വിരൽ ചൂണ്ടുവാൻ ഞാനാഗ്രഹിക്കുന്നു. ഭർത്താവ് ഭാര്യയെ വെട്ടി. ആത്മഹത്യാശ്രമം പരാജയപ്പെട്ടു. ഇങ്ങനെ ഒരു വാർത്ത മിക്കവാറും എല്ലാ പത്രങ്ങളിലും സംഭവത്തിന്റെ പിറ്റേന്നു പ്രത്യക്ഷപ്പെട്ടു. ചെറിയ അക്ഷരത്തിൽ അടിയിലായി ആത്മഹത്യയ്ക്കു ശ്രമിച്ച പ്രതിയെ അറസ്റ്റു ചെയ്തു. സബ്ജയിലിലേക്ക് റിമാന്റിൽ അയച്ചിട്ടുണ്ട്. വെട്ടേറ്റ ഭാര്യയെ നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചതായും റിപ്പോർട്ടുണ്ട്. പിറ്റേന്നാളത്തെ പത്രം വേറെ വാർത്തകളുമായി പുറത്തിറങ്ങുന്നു. തലേദിവസത്തെ സംഭവം, ആളുകളും മറക്കപ്പെടുന്നു.

അന്നക്കുട്ടിയുടെ ഭർത്താവിനെ 5 വർഷത്തേക്കു ശിക്ഷിച്ച് സെൻട്രൽ ജയിലിലേക്കു മാറ്റി സർക്കാർ ചെലവിൽ, സംരക്ഷണയിൽ,

സമീകൃതാഹാരവും കഴിച്ചു കഴിയുവാനുള്ള വിധി. കുറ്റകൃത്യത്തിന്റെ വിക്ടിം അന്നക്കുട്ടിയുടെയും 3 മാസം പ്രായമായ പിഞ്ചുകുഞ്ഞിന്റെയും അരികിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. സർക്കാർ ആശുപത്രിയിലാണവർ സൗജന്യ ചികിത്സ ലഭിക്കണം അവർക്ക്. പക്ഷേ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ആശുപത്രിയിലുണ്ടായിരിക്കുകയില്ല. സർക്കാരിൽനിന്നും വാങ്ങാൻ കഴിയാഞ്ഞിട്ടല്ല വാങ്ങുന്നവ മുഴുവനും ആശുപത്രിയിൽ എത്തുന്നുണ്ടോ? ഇനി ഡോക്ടറദ്ദേഹത്തിന്റെ കടാക്ഷം ലഭിക്കണമെങ്കിൽ തന്നെ കണ്ടു കാഴ്ചകൾ, ശുപാർശകൾ എന്നിവ തുടരെ ഉണ്ടായിരിക്കണം. ഭൂരിപക്ഷം ആളുകളും അതാണ് ക്രമം എന്ന് പ്രാവർത്തികമാക്കിയതിനാൽ ന്യൂനപക്ഷം കറങ്ങിയതു തന്നെ. സർക്കാർ ആശുപത്രിയിലെ വാതിൽ കാവൽക്കാരനെ മുതൽ പ്രസാദിപ്പിച്ചെങ്കിലേ രോഗിക്കുള്ള ശുശ്രൂഷ ലഭിക്കൂ എന്ന നിലയിൽ നാം നമ്മെത്തന്നെ എത്തിച്ചിട്ടുണ്ട്. ഇവിടെ കൈക്കൂലി വാങ്ങുന്ന ന്യൂനപക്ഷമായ ഉദ്യോഗസ്ഥവൃന്ദത്തെയല്ല ഞാൻ വീക്ഷിക്കുന്നത്. കൈക്കൂലിയുമായി സർക്കാർ ഓഫീസുകളിലും ഉദ്യോഗസ്ഥന്മാരുടെ വീടുകളിലും സന്ദർശനത്തിനും കുടിക്കാഴ്ചയ്ക്കുമായി ഊഴം കാത്തുകഴിയുന്നവരെ തുരത്തി ഓടിക്കുവാൻ ഒരു സ്വമേധയാ സംഘം പൗരന്മാർ ഉണർന്നേ പറ്റൂ.

നന്നേ പാടുപെട്ടിട്ടാണ് അന്നക്കുട്ടിക്ക് ആശുപത്രിയിൽ കിടക്ക ലഭിച്ചത്. ചില ആഴ്ചകൾക്കുശേഷം തറയിലേക്ക് തരംതാഴ്ത്തപ്പെട്ടു. അല്പം കൂടി ശക്തിയുള്ള ശുപാർശയോ കാഴ്ചയോ ഡോക്ടറുടെ പക്കൽ എത്തിയെന്നതിൽ രണ്ടുപക്ഷമില്ല. ആശുപത്രി വിട്ട് അന്നക്കുട്ടി വീട്ടിലെ കട്ടിലിൽ അഭയം പ്രാപിച്ചിട്ടു വർഷം 3 കഴിഞ്ഞിരിക്കുന്നു. ഭർത്താവ് അറസ്റ്റ് ചെയ്ത അന്നു മുതൽ ഗവൺമെന്റ് സംരക്ഷണയിലാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഡോക്ടർ, മരുന്ന്, നിയമത്തിന്റെ സംരക്ഷണം എല്ലാം അയാൾക്കുണ്ട്. ഇതിൽ ഗവൺമെന്റ് ജാഗ്രതയോടെ ശ്രമിക്കുന്നുമുണ്ട്. എന്നാൽ വിക്ടിം ആയ അന്നക്കുട്ടിയെയും പിഞ്ചുകുഞ്ഞിനെയും സർക്കാർ കണ്ടില്ല, കരുതിയില്ല. അവർ നിരപരാധികളാണ്. ഇവരെയാണ് ഗവൺമെന്റ് ഇപ്പോൾ കഠിനമായി ശിക്ഷിച്ചിരിക്കുന്നത്. അവർക്ക് സംഘടിക്കുവാൻ കഴിയുകയില്ല. അവർ എല്ലാവർക്കും ഭാരമാണ്. ആർക്കും കറവപ്പശുക്കളല്ല. ലാഭേച്ഛയോടെ അവർക്കായി ഒന്നും ചെയ്യേണ്ടതില്ല.

അന്നക്കുട്ടിയേയും കുഞ്ഞിനെയും കരുതുവാൻ ഒരു കൂട്ടം ക്രൈസ്തവർ അവർ ദരിദ്രരെങ്കിലും മുമ്പോട്ടു വന്നത് ശുഭലക്ഷണമാണ്. ലോകത്തിന്റെ ഉപ്പും വെളിച്ചവുമായിരിക്കുവാനുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലിനോടുള്ള അനുസരണയും വിശ്വസ്തതയുമാണ്

*ശേഷം പേജ് 35 കാണുക*

# കുടുംബത്തകർച്ചയുടെ വേരുകൾ

**ലൈംഗിക പ്രശ്നങ്ങൾ**

തൃപ്തികരമായ ലൈംഗിക ജീവിതം കുടുംബ ബന്ധത്തെ ദൃഢമാക്കുന്നു. കുടുംബത്തെ ശിഥിലീകരിക്കുന്ന ഒരു പ്രധാനഘടകം ദമ്പതിമാരുടെ ലൈംഗിക ജീവിതത്തിലെ അറിവില്ലായ്മയും തത്ഫല മായുണ്ടാകുന്ന നിരാശയുമാണ്. കുടുംബ ജീവിതത്തിൽ പ്രവേശിക്കു ന്നതിനു മുമ്പുവരെ യുവതിയുവാക്കൾക്കു ലൈംഗിക ജീവിതത്തെപ്പറ്റി അനേക സംശയങ്ങളും തെറ്റിദ്ധാരണകളുമുണ്ട്. കത്തോലിക്കാ സഭയിലും മറ്റും നടത്തുന്ന പ്രീമാരിറ്റൽ കൗൺസലിംഗ് വളരെ പ്രയോ ജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവാഹജീവിതത്തിൽ പ്രവേശി ച്ചാൽ ക്രമേണ ലൈംഗിക സംശയങ്ങൾ മാറുകയാണ് പതിവ്. എന്നാൽ ചിലരിൽ ഈ സംശയങ്ങളും തെറ്റിദ്ധാരണകളും നിലനില്ക്കും. ഇതു ഒരു ഫാമിലി കൗൺസലറെ കണ്ടു പരിഹരിച്ചില്ലെങ്കിൽ ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകും. ചിലർക്കു മാതാപിതാക്കളെ വിട്ടുപിരിഞ്ഞു ജീവിതപങ്കാളിയോടൊത്തു മാറിത്താമസിക്കുന്നതു പോലും പ്രശ്നമാകാറുണ്ട്. ലൈംഗിക പ്രശ്നങ്ങൾ കൂടുതലും മാനസി കമാണ്. അറിവും പക്വതയുമുള്ള ഒരു പാസ്റ്ററുടെയോ, കൗൺസലറു ടെയോ ഉപദേശങ്ങൾ ഇക്കാര്യത്തിൽ ദമ്പതിമാർ തേടേണ്ടതാണ്. ഉന്നത വിദ്യാഭ്യാസമുള്ളതുകൊണ്ടു ലൈംഗികപ്രശ്നങ്ങൾ ഇല്ലാതാ കണമെന്നില്ല. ലൈംഗിക പ്രശ്ന ങ്ങളും സംശയങ്ങളും കാലം നല് കുന്ന അറിവിലൂടെയും അനുഭവ ത്തിലൂടെയും പരിഹരിക്കുക യാണു ചെയ്യുന്നത്. വിവാഹത്തി നുശേഷം വർഷങ്ങൾ കഴി ഞ്ഞിട്ടും ഇത്തരം സംശയങ്ങളും പ്രശ്നങ്ങളും നിലനില്ക്കുന്നുണ്ടെങ്കിൽ കുടുംബം തകരുന്നതിനു മുമ്പുതന്നെ ഒരു കൗൺസലറെ കാണേ ണ്ടതാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തക ത്തിൽ നിന്നും**

മേൽ പ്രസ്താവിച്ച പ്രശ്നങ്ങൾ കൂടാതെ കുടുംബജീവിതത്തെ തകർക്കുന്ന മറ്റനേകം വിഷയങ്ങളുമുണ്ട്. ലഹരിവസ്തുക്കളുടെ ഉപയോഗം, ജോലി പ്രശ്നങ്ങൾ എന്നിവയും സമാധാനപരമായ കുടും ബജീവിതത്തിനു കോട്ടംതട്ടിക്കും. സ്ത്രീധനവും അതു സംബന്ധി ച്ചുള്ള വാഗ്വാദങ്ങളും ദമ്പതിമാരുടെ പരസ്പര ബഹുമാനത്തിനു

പ്രതികൂലഘടകങ്ങളാണ്. ജീവിതപങ്കാളിയുടെ മാതാപിതാക്കളോടുള്ള ഇടപെടൽ കുടുംബ ഭദ്രതയിലെ ഒരു പ്രധാന ഘടകമാണ്. തന്റെ മാതാപിതാക്കളോടു പങ്കാളി മോശമായി പെരുമാറി എന്നറിഞ്ഞാൽ അകൽച്ചയ്ക്കു അതൊരു കാരണമാകും. കുടുംബാംഗങ്ങൾ തമ്മിലുള്ള ഇടപെടലുകളുടെ രീതിയും ദാമ്പത്യത്തെ ബാധിക്കുന്ന നിർണ്ണായക ഘടകമാണ്.

**കുടുംബം കലക്കുന്ന സംശയരോഗം**

സന്തുഷ്ട കുടുംബ ജീവിതത്തിൽ ദമ്പതിമാരുടെ പരസ്പര വിശ്വാസം അത്യാവശ്യ ഘടകമാണ്. കുടുംബം തകർക്കുന്ന ഒരു പ്രധാന വില്ലനാണ് സംശയരോഗം, വിശ്വാസികളുടെ കുടുംബങ്ങളിൽപോലും ഈ രോഗത്തിന്റെ അണുക്കൾ കേറിപ്പറ്റുന്നുണ്ടെന്നാണ് സൂചന. ലഘുവായി ആരംഭിച്ച് ക്രമേണ ഗുരുതരാവസ്ഥയിൽ എത്തിച്ചേരുന്ന ഒരു രോഗമാണിത്. ആരംഭകാലഘട്ടത്തിലാണെങ്കിൽ കൗൺസലിംഗ് കൊണ്ട് ഈ അവസ്ഥക്ക് മാറ്റം വരുത്താം. വൈകിപ്പോയാൽ മരുന്നിനെയും ആശുപത്രിയെയുമൊക്കെ അഭയം പ്രാപിക്കേണ്ടിവരും. വളരെ വൈകിയാണ് ഇതൊരു രോഗമാണെന്ന കാര്യം ബന്ധുമിത്രാദികൾ തിരിച്ചറിയുന്നത്.

പൊതുവെ പുരുഷന്മാരിലാണ് ഈ അസുഖം കൂടുതലായി കാണപ്പെടുന്നത്. വിവാഹനാളുമുതൽ സൂക്ഷ്മമായി തന്റെ ഭാര്യയെ ഇവർ നിരീക്ഷിച്ചുകൊണ്ടിരിക്കും. ആരോടൊക്കെ ചിരിച്ചു. ആരോടൊക്കെ സംസാരിച്ചു എന്നിവർ ശ്രദ്ധിച്ചുകൊണ്ടിരിക്കും ഭാര്യയുമായി പുറത്തിറങ്ങി സഞ്ചരിക്കുവാൻ പൊതുവേ ഇക്കൂട്ടർ മടി കാണിക്കും. ഭാര്യ നന്നായി ഒന്നു വസ്ത്രം ധരിച്ചാൽ ആരെക്കാണിക്കാനാണ് ഈ അണിഞ്ഞൊരുക്കം എന്ന് ഇവർ ചോദിക്കും. നവ വധുക്കൾ ആദ്യമായി ഇത്തരം ചോദ്യങ്ങൾ കേൾക്കുമ്പോൾ ഒന്ന് ഞെട്ടും പിന്നെ തന്നോടുള്ള അമിതമായ സ്നേഹം കൊണ്ടായിരിക്കും ഇതെന്ന് സമാധാനിക്കുകയും ചെയ്യും.

സംശയരോഗികൾ തങ്ങളുടെ ഭാര്യമാർക്ക് ചില പെരുമാറ്റച്ചട്ടങ്ങളൊക്കെ കല്പ്പിച്ചു നല്കാറുണ്ട്. വളരെ വിചിത്രമായ നിയമാവലികളാണിവ. ഉദാഹരണത്തിന് ഒരു സംശയരോഗിയുടെ ഭാര്യ അതിഥികളെ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ കേട്ടാൽ അതിശയം തോന്നും. അതിഥിക്ക് ചായ കൊടുക്കുമ്പോൾ അതിഥിയുടെ മുഖത്തു നോക്കാതെ അടുത്തിരിക്കുന്ന ഭർത്താവിനെ വേണം നോക്കുവാൻ, ഭാര്യ അതിഥിയെ നോക്കിപ്പോയാൽ സംശയരോഗിക്ക് ദേഷ്യമിരച്ചു കയറും. ഈ മനുഷ്യൻ കൗൺസലിംഗിന്റെ പരിധിയും കടന്ന് മനോരോഗത്തിന്റെ വക്കിലാണെന്ന് പാവം ഇതുവരെയും മനസ്സിലാക്കിയിട്ടില്ല.

വേറെ ചില സംശയരോഗികൾ ഭാര്യയുടെ പൂർവ്വകാല ചരിത്ര ങ്ങൾ അറിയുവാൻ ഗവേഷണം നടത്തിക്കൊണ്ടിരിക്കും. ഭാര്യയുടെ പഴയ ഓട്ടോഗ്രാഫ് സൂക്ഷ്മമായി പരിശോധിച്ച് അതിലെ കുത്തിനും കോമയ്ക്കുമൊക്കെ പ്രത്യേക അർത്ഥം കണ്ടെത്തും. അതിനെക്കുറിച്ച് കുത്തിക്കുത്തി ചോദിക്കും. വേറെ ചില പുള്ളികൾ ഭാര്യയുടെ രഹസ്യങ്ങൾ ചോർത്തിയെടുക്കുവാൻ വേണ്ടി ചില നമ്പർ ഇറക്കും. അയാളുടെ വിവാഹപൂർവ്വ വീരകൃത്യങ്ങൾ പൊടിപ്പും തൊങ്ങലും ചേർത്ത് ഭാര്യയെ പറഞ്ഞു കേൾപ്പിക്കും. പല പ്രേമബന്ധങ്ങളും തനിക്കുണ്ടായിരുന്നു എന്നും പലരും തന്റെ പുറകെ വാലാട്ടി നടന്നി രുന്നുവെന്നും പറയും. ഇതു കേൾക്കുന്ന പാവം ഭാര്യ പണ്ട് കോള ജിൽ പഠിച്ചിരുന്ന കാലത്ത് ഏതോ ചെറുപ്പക്കാരൻ അടുപ്പം കാണി ച്ചിരുന്ന കാര്യം നിഷ്ക്കളങ്കമായി അവതരിപ്പിക്കും. പിന്നത്തെ പുകില് പറയാനില്ല. പിന്നെ ഇതു പറഞ്ഞായിരിക്കും ഭാര്യയെ സംശയിക്കുന്നത്.

ആരംഭഘട്ടത്തിൽ ചോദ്യം ചെയ്യലും രഹസ്യാന്വേഷണവു മൊക്കെയായി ഒരു ഡിറ്റക്ടീവിനേപ്പോലെ മുന്നേറുന്ന സംശയരോ ഗിയെ ഭാര്യ നിശ്ശബ്ദം സഹിക്കുന്നു. ഇതൊരു രോഗത്തിന്റെ ആരം ഭമാണെന്ന് ഭാര്യയ്ക്ക് ആദ്യം മനസ്സിലാവുകയില്ല. വീട്ടുകാരും ബന്ധു ക്കളും ഇതൊരു ഗൗരവകാര്യമായി എടുക്കുകയില്ല. സ്വാഭാവികമായി ഇതിന്റെ രണ്ടാം ഘട്ടത്തിലേക്ക് രോഗി പ്രവേശിക്കുന്നു.

രണ്ടാം ഘട്ടത്തിൽ സംശയക്കാരൻ ഭാര്യയെക്കുറിച്ച് അവിഹിത കഥകൾ മെനഞ്ഞുണ്ടാക്കും. ഇതിന് തെളിവു നല്കുവാൻ വേണ്ടി വളരെ കഷ്ടപ്പെട്ട് പദ്ധതികൾ തയ്യാറാക്കും. ഉദാഹരണത്തിന് ദൂരയാത്ര പോകുന്നുവെന്ന് ഭാര്യയെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിയതിനു ശേഷം രാത്രി മടങ്ങി വന്ന് ഒളിഞ്ഞിരുന്ന് വീടും പരിസരവും നിരീക്ഷിക്കും. ഭാര്യയുടെ വഴി പിഴച്ചപോക്കിനെക്കുറിച്ച് ബന്ധുക്കളോടും സുഹൃത്തു ക്കളോടും പറയുവാനും തുടങ്ങും. ഭാര്യ തന്നെ വഞ്ചിച്ചു എന്നു പറഞ്ഞ് ബന്ധുമിത്രാദികളുടെ സഹതാപം പിടിച്ചു പറ്റാൻ ശ്രമിക്കും. പക്വതയും അറിവുമുള്ള ആരും ഇയാൾ പറയുന്നത് വിശ്വസിക്കില്ല. എങ്കിലും ചുരുക്കം ചിലർ ഇതിൽ സത്യമുണ്ടെന്ന് വിശ്വസിക്കും. ജോലിക്കാര്യ ത്തിലും സാമ്പത്തിക ഇടപാടുകളിലും, മക്കളോടുള്ള പെരുമാറ്റത്തിലു മെല്ലാം തികച്ചും നോർമലായ ഇയാൾ പറയുന്നതിൽ കുറച്ചൊക്കെ സത്യമുണ്ടെന്ന് സാധാരണക്കാർ ചിന്തിച്ചു പോകും.

അടുത്ത ഘട്ടത്തിൽ ഇയാൾ കുടുംബാംഗങ്ങളെ കൂടി സംശയ ത്തിന്റെ പരിധിയിൽ കൊണ്ടുവരും. കൂടാതെ ഭാര്യയെ ആക്രമിക്കു വാനും ശ്രമിച്ചേക്കാം. ഈ ഘട്ടത്തിൽ പുറംലോകം ഇതിനെക്കുറിച്ച റിഞ്ഞു കഴിഞ്ഞിരിക്കും. അപമാനിതയായിത്തീർന്ന ഭാര്യ രൂക്ഷമായി

പ്രതികരിക്കുവാൻ ശ്രമിച്ചേക്കാം. അത് പ്രശ്നം വഷളാക്കുകയേ ഉള്ളൂ. സ്നേഹത്തോടും ക്ഷമയോടും കൂടി ഭർത്താവിനോട് ഇടപെടുക. ഇത് രോഗാവസ്ഥയാണെന്ന് മനസ്സിലാക്കി പരിചരിക്കുക. ഭാര്യയുടെ പൂർണ്ണസഹകരണമുണ്ടെങ്കിൽ മാത്രമേ കൗൺസലിംഗിന് കൊണ്ടു വരാൻ കഴിയുകയുള്ളു. ഭർത്താക്കന്മാരെ സംശയിക്കുന്ന ഭാര്യമാരും അപൂർവ്വമായിട്ടുണ്ട്. എനിക്കറിയാവുന്ന ഒരു സഹോദരന്റെ ഭാര്യ സംശയരോഗിയാണ്. ഈ സഹോദരി വ്യാജമായി കത്തുകൾ തയ്യാറാക്കി ഭർത്താവിന് മറ്റുള്ള സ്ത്രീകൾ അയച്ചതാണെന്ന വ്യാജേന പ്രദർശിപ്പിക്കാറുണ്ട്. ഈ കത്തുകൾ കാണിച്ച് മക്കളേപ്പോലും അച്ഛനെതിരാക്കി മാറ്റുന്നു. അവരുടെ കുടുംബജീവിതത്തിൽ മാത്രമല്ല സഭയിലും ഇതു ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. അനേക കുടുംബങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ പ്രശ്നത്തിന് ആരംഭഘട്ടത്തിൽ തന്നെ പരിഹാരം കാണേണ്ടതാണ്. ആരെങ്കിലും കൈവിഷം തന്നതോ കൂടോത്രം പ്രയോഗിച്ചതോ ആണെന്ന് കരുതി അനേകർ ആ വഴിക്കു തിരിയാറുണ്ട്. എന്നാൽ കൗൺസലിംഗു കൊണ്ടും പ്രാർത്ഥനകൊണ്ടും ചികിത്സകൊണ്ടും സംശയരോഗം മാറ്റിയെടുക്കാവുന്നതാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

---

*പേജ് 31 ന്റെ തുടർച്ച (നിരപരാധിയായ അന്നക്കുട്ടി)*

അവരെ അതിനു പ്രേരിപ്പിച്ചത്. അതാണ് ക്രിസ്തീയത്വം. അതാണ് ക്രിസ്തുമാർഗ്ഗം. വേദനയും ദുഃഖവും ദാരിദ്ര്യവും അനുഭവിക്കുന്ന വരോട് ക്രിസ്തുവിന്റെ സ്നേഹത്തെ അറിയിക്കുകയും പാപം വരുത്തിയ മുറിവിനെ ദൈവസ്നേഹം കൊണ്ടു ചികിത്സിക്കുകയും ചെയ്യുക. അപ്പോൾ ഈ ലോകത്തിൽ ചില ക്രിസ്ത്യാനികൾ ഉണ്ടെന്നും, ജീവിക്കുന്ന സഭ ഇവിടെ ഉണ്ടെന്നും അറിയും. ഇന്ന് നാം അതറിയിക്കുവാൻ ശ്രമിക്കുന്നതെല്ലാം ഉച്ചഭാഷിണിയിലൂടെ മാത്രമാണ്. നമ്മുടെ പ്രവർത്തനങ്ങൾ ഉച്ചഭാഷിണിയേക്കാൾ ശക്തമായും ഉച്ചത്തിലും സംസാരിക്കും. ശബ്ദമലിനീകരണം മാത്രമായി നമ്മുടെ പ്രവൃത്തിയേ ലോകം മുദ്രയടിക്കയില്ല. ഓരോ ക്രിസ്ത്യാനിയും യേശുക്രിസ്തുവിന്റെ പ്രതിനിധിയായി ജീവപര്യന്തം ജീവിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടവനാണ്. ഈ ലോകത്തെ ദൈവസ്നേഹത്തിലേക്ക് ആകർഷിക്കുവാനുള്ള ശക്തിയായ മാർഗ്ഗം മാതൃകാപരമായ നമ്മുടെ ജീവിതമാണ്. ഹൃസ്വകാലത്തേക്കുള്ളതല്ല, ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചക്കോ, കോട്ടയം**

# നന്നായി അറിയുന്നവൻ

ഈ സമൂഹത്തിൽ അധിവസിക്കുന്ന കുഞ്ഞുകുട്ടികൾ മുതൽ പ്രായമായവർവരെയും അഭിമുഖീകരിക്കുന്ന പ്രശ്നമാണ് എന്നെ ആരും അറിയുന്നില്ല, കരുതുന്നില്ല, സ്നേഹിക്കുന്നില്ല, മനസ്സിലാക്കുന്നില്ല എന്നുള്ളത്. തന്മൂലം പലരും സ്നേഹത്തിനായി, കരുതലിനായി, സാന്ത്വനത്തിനായി അരുതാത്ത ബന്ധങ്ങളിലേർപ്പെടുകയും, മോഹന വാഗ്ദാനങ്ങളിലൂടെ അതിന് അടിമപ്പെട്ട് വൻ നാശത്തിൽ ഭവിക്കയും അവസാനം ഒളിച്ചോട്ടത്തിലും, ആത്മഹത്യയിലും കൊലപാതക ത്തിലും എത്തിച്ചേർന്ന് പ്രശ്നം പരിഹരിക്കപ്പെടാതെ നിത്യനാശത്തി ലേക്കു പോകുന്നത് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

നമുക്ക് നമ്മെക്കുറിച്ചുതന്നെ ഒരു അറിവുണ്ട്, നമ്മെക്കുറിച്ചു മറ്റുള്ളവർക്കും അറിവുണ്ട്, മറ്റുള്ളവരെക്കുറിച്ച് നമുക്കും അറിവുണ്ട്. എന്നാൽ ദൈവത്തിനു നമ്മെക്കുറിച്ചും നമുക്കു ദൈവത്തെക്കുറിച്ചുള്ള അറിവ് എപ്രകാരമെന്നു ചിന്തിക്കൂ.

ലൂക്കൊസ് 7-ാം അദ്ധ്യായത്തിൽ 2 പ്രധാന സംഭവങ്ങൾ നട ക്കുന്നു. ഒന്നാമതായി, കഫർന്നഹൂമിൽ ഒരു ശതാധിപനു പ്രിയനായവൻ ദീനം പിടിച്ചു മരിപ്പാറായിരിക്കുന്ന വസ്തുത താൻ യഹൂദന്മാരുടെ മൂപ്പന്മാർ മുഖാന്തരം താത്പര്യമായി യേശുവിനെ അറിയിച്ചു. ശതാധി പനെക്കുറിച്ച് നല്ലൊരു സാക്ഷ്യം (അറിവ്) പറഞ്ഞതിപ്രകാരമാണ്. “നീ അത് ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ, അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു; ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു.” ഇതാ ശതാധിപനെക്കുറിച്ച് മറ്റുള്ളവരുടെ അറിവ്; എത്ര മാന്യമായ വ്യക്തി- സ്നേഹിക്കുന്നവൻ, കരുതുന്നവൻ, സഹായിക്കുന്നവൻ പിന്നെയും യേശുവും ശിഷ്യന്മാരും തന്റെ വീട്ടിലേക്കു ചെല്ലുന്ന വേളയിൽ അവന്റെ സ്നേഹിതന്മാരെ അയച്ച് പറയുന്ന വാക്കുകളിൽ (7:6-8) അവന്റെ താഴ്മ, ഭക്തി, ദൈവത്തിലുള്ള വിലയേറിയ വിശ്വാസം മനസ്സിലാക്കിയ കർത്താവ് കൂടെയുള്ള പുരുഷാരത്തോട് ശതാധിപനെക്കുറിച്ച് പറയുന്നത് “യിസ്രായേലിൽ

കൂടി ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ലാ"യെന്നാണ് (ലൂക്കൊസ് 7:9). അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ആഴം യേശുകർത്താവ് അറിഞ്ഞു. ആ നാഴികയിൽ തന്നെ തന്റെ ദാസനു സൗഖ്യം വന്നു. നോക്കൂ എത്ര അത്ഭുതം. യേശു നമ്മെ അറിഞ്ഞാൽ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ലഭിക്കും. നമുക്കു മറ്റുള്ളവരിൽ നിന്നും, നമ്മുടെ വീണ്ടെടുപ്പുകാരനായ ദൈവത്തിൽ നിന്നും ഇപ്രകാരം ഒരു സാക്ഷ്യം ലഭിക്കുന്നുണ്ടോ? അതിനായി ശ്രമിക്കാറുണ്ടോ?

പിറ്റെന്നാൾ യേശു നയീൻ എന്ന പട്ടണത്തിലേക്ക് ശിഷ്യന്മാരുമായി യാത്ര ചെയ്യവെ വളരെ പുരുഷാരവുംകൂടെയുണ്ടായിരുന്നു. പട്ടണവാതില്ക്കൽ അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പട്ടണത്തിനു പുറത്തേക്കുകൊണ്ടുവരുന്നു. അവൻ തന്റെ അമ്മയ്ക്ക് ഏകജാതനായിരുന്നു. അവളോ വിധവയായിരുന്നു. മറ്റ് ആരും സഹായമില്ലാത്തവൾ, തികച്ചും നിരാലംബയായവൾ അവളുടെ സങ്കടം കർത്താവിനോട് അറിയിക്കുവാൻ അവൾക്ക് ആരുമില്ലായെങ്കിലും അവളുടെ വ്യസനത്തിന്റെ കാഠിന്യം നന്നായി അറിയുന്നവനായ കർത്താവ്, അവളെ കണ്ടിട്ട് മനസ്സലിഞ്ഞു "കരയേണ്ട" എന്നു പറഞ്ഞ് അടുത്തുചെന്ന് മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. "ബാല്യക്കാരാ എഴുന്നേല്ക്ക" എന്നു പറഞ്ഞപ്പോൾ മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിച്ചു. അവനെ ജീവനുള്ളവനായി അമ്മയ്ക്കു തിരികെ ലഭിച്ചു. ദൈവം നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ, സാഹചര്യം, സങ്കടം എല്ലാം നന്നായി അറിയുന്നവനാണ് (സങ്കീ. 139:1-4)

ആകയാൽ പ്രിയ സഹോദരിമാരായ നാം മറ്റുള്ളവരാലും ദൈവത്താലും നല്ല സാക്ഷ്യമുള്ളവരായിരിപ്പാനും ദൈവത്തിൽ ആഴമായ വിശ്വാസമുള്ളവരായി ജീവിച്ച് നന്നായി നമ്മെ അറിയുന്നവനായ ദൈവമുമ്പാകെ താഴ്ത്തി സമർപ്പിച്ച് പ്രതിസന്ധികളെ മറികടന്ന് ഉറപ്പും ധൈര്യവുമുള്ളവരായി നിലനില്ക്കുവാൻ ദൈവം സഹായിക്കുമാറാകട്ടെ.

**സാറാമ്മ ശശി, കവിയൂർ**

## ഈ ലക്കം Quest 100 – ലെ ചോദ്യങ്ങൾ
## 1 മുതൽ 100 വരെയുള്ള സങ്കീർത്തനങ്ങളിൽ നിന്നുമാണ്

1. യുദ്ധത്തിൽ പിന്തിരിഞ്ഞുപോയ ആയുധം ധരിച്ച വില്ലാളികൾ ആര്?
2. ദോഷം വിട്ടകന്നു എന്തു ചെയ്യണം?
3. യഹോവയുടെ സിംഹാസനത്തിന്റെ അടിസ്ഥാനം എന്തൊക്കെയാണ്?
4. നിലത്തു ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ തന്നേ ഉള്ളത് എന്താണ്?
5. യഹോവ യാക്കോബിന്റെ സകലനിവാസികളെക്കാളും അധികം സ്നേഹിക്കുന്നത് എന്ത്?
6. യാക്കോബിൻ ദൈവത്തിന്റെ ശാസനയാൽ ഗാഢനിദ്രയിൽ വീണത് ആര്?
7. പുല്പുറത്തിന്റെ ഭംഗിപോലുള്ള അവർ ക്ഷയിച്ചുപോകും, പുകപോലെ ക്ഷയിച്ചുപോകും : ആര്?
8. ദാവീദ് എന്തു പ്രാപിക്കാതിരിക്കാനാണ് തന്റെ കണ്ണുകളെ പ്രകാശിപ്പിക്കേണമെ എന്ന് യഹോവയോട് പ്രാർത്ഥിച്ചത്?
9. യഹോവയുടെ ആലയത്തിന് എന്നേക്കും ഉചിതമായിരിക്കുന്നത് എന്ത്?
10. എവിടെ നിന്നാണ് യിസ്രായേലിന് രക്ഷ വരുന്നത്?
11. നീ മനുഷ്യരെ ഞങ്ങളുടെ ............ കയറി ഓടിക്കുമാറാക്കി
12. തങ്ങൾ ഉണ്ടാക്കിയ കുഴിയിൽ താണുപോയത് ആരാണ്?
13. ശെഖേമിനെ വിഭാഗിച്ച് ഏതു താഴ്‌വരയെ അളക്കും?
14. ദന്തമന്ദിരങ്ങളിൽ നിന്നും സന്തോഷിപ്പിക്കുന്നതെന്ത്?
15. "ദയ എന്നേക്കും ഉറച്ചു നില്ക്കും" എന്ന് പറഞ്ഞത് ആര്?
16. അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ ആര് എന്ത് ചെയ്യും?
17. കിഴക്കൻകാറ്റ് കൊണ്ട് ഏത് കപ്പലിനെ ഉടച്ചുകളയുന്നു?
18. നിയമത്തിന് വിരോധമായി കഷ്ടത നിർമ്മിക്കുന്നത് ആര്?
19. ദുഷ്ടന്റെ നാവ് എന്ത് പിണയ്ക്കുന്നു?
20. യഹോവയുടെ സഖിത്വം ആർക്കാണ് ഉണ്ടാകുന്നത്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 100 - ന്റെ ഉത്തരങ്ങൾ 2025 ഏപ്രിൽ 30 - നു മുമ്പായി
ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**